# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഏഴംകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTAP10/1131/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 06/12/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏഴംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTAP10/1131/2023 തീയ്യതി: 06/12/2023

## പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2023 | 02-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2023 | 02-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സജികുമാർ കെ, ഓഡിറ്റ് ഓഫീസർ

ശ്രീ മഹേഷ് കുമാർ കെ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ(27.10.2023 മുതൽ)

ശ്രീമതി ലേഖ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ അനിൽ കുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ(27.10.2023 വരെ)

കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആശാ വി.എസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ വിനോദ് കുമാർ റ്റി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ശ്രീകല എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 17-11-2022 |
| ശ്രീ ചന്ദ്രബോസ് എം എസ് | അസിസ്റ്റന്റ് സെക്രട്ടറി | 18-11-2022 | 31-03-2023 |
| ശ്രീമതി ജയ വി എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 16-11-2022 |
| ശ്രീമതി അണിമ സുഭാഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 17-11-2022 | 31-03-2023 |
| ശ്രീമതി തുളസീബായി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ.ശ്രീജിത്ത് ബാബു | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 02-05-2022 |
| ഡോ ദിവ്യ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 03-05-2022 | 31-03-2023 |
| ഡോ.രജനി ഗോപാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. നിഷ എസ്.പി. | വെറ്ററിനറി സർജൻ | 01-04-2022 | 12-04-2022 |
| ഡോ ഭാഗ്യശ്രീ വി | വെറ്ററിനറി സർജൻ | 13-04-2022 | 27-09-2022 |
| ഡോ സായ് പ്രസാദ് എസ് | വെറ്ററിനറി സർജൻ | 28-09-2022 | 31-03-2023 |
| ഡോ.അസിത | മെഡിക്കൽ ഓഫീസർ(ആയുർവേദം)) | 01-04-2022 | 31-03-2023 |
| ശ്രീമതി രജിത ആർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രീത എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷേർലി തോമസ് | കൃഷി ഓഫീസർ | 01-04-2022 | 16-04-2022 |
| ശ്രീമതി ആദില എസ് | കൃഷി ഓഫീസർ | 17-04-2022 | 15-05-2022 |
| ശ്രീമതി അനുശ്രീ എസ് എസ് | കൃഷി ഓഫീസർ | 16-05-2022 | 09-08-2022 |
| ശ്രീമതി കെ ആർ ചിത്ര | കൃഷി ഓഫീസർ | 10-08-2022 | 31-03-2023 |
| ശ്രീ അനീഷ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 19-07-2022 |
| ശ്രീ അലി അക്ബർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് സംബന്ധിച്ച് രേഖയില്ല | 1-1-2 |
| 4 | തുക ക്രമീകരിച്ചെങ്കിലും അക്കൌണ്ട് ക്ലോസ് ചെയ്തില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ളോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വരവ് തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല | 1-1-7 |
| 9 | വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയർ DCB വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വിവിധ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾക്ക് ആധികാരികത ഇല്ല | 1-1-9 |
| 11 | ലൈഫ് മിഷൻ നീക്കിയിരിപ്പ് തുക തെറ്റായ ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തു | 1-1-10 |
| 12 | സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് തുക ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 22 | നികുതി/നികുതിയേതര വരവ് സംബന്ധിച്ച അവലോകനം | 1-11 |
| 23 | വസ്തു നികുതി ഇതര വരുമാനങ്ങൾ സംബന്ധിച്ച അവലോകനം | 1-11-1 |
| 24 | KVVS എഞ്ചിനീയറിംഗ് കോളേജിന്റെ 10.56 ലക്ഷം രൂപയുടെ വസ്തു നികുതി ഈടാക്കിയില്ല. | 1-12 |
| 25 | സ്ഥാപനങ്ങളുടെ/വ്യക്തികളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു. | 1-13 |
| 26 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-14 |
| 27 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14-1 |
| 28 | ജീവനക്കാരുടെ തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല | 1-14-2 |
| 29 | റേഷൻ കടകൾ, ക്ഷീരസംഘങ്ങൾ എന്നിവങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-14-3 |
| 30 | സ്വയം തൊഴിൽ ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 1-14-4 |
| 31 | ലൈസൻസ് ഫീസ് പിരിവിലെ അപാകങ്ങൾ | 1-15 |
| 32 | മാട്ടിറച്ചി വിൽപ്പനാവകാശം-ലേലം സ്ഥിരപ്പെടുത്തി നല്കിയതിൽ അപാകത | 1-16 |
| 33 | ലേലത്തുക പൂർണ്ണമായും പിരിച്ചെടുത്തില്ല | 1-16-1 |
| 34 | വാടകയിനത്തിലുള്ള കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-17 |
| 35 | പട്ടിക ജാതി കുട്ടികൾക്ക് പഠനമുറി നിർമാണം അപാകതകൾ | 1-18 |
| 36 | സൗരോർജ പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-19 |
| 37 | പദ്ധതികൾ നടപ്പിലാക്കിയില്ല | 1-20 |

| | | |
|---|---|---|
| 38 | ഇ-ടെണ്ടർ ഫീ ഇനത്തിൽ 2.62 ലക്ഷം രൂപ തിരികെ ഈടാക്കിയില്ല. | 1-21 |
| 39 | പാർശ്വഭിത്തി നിർമ്മാണത്തിൽ ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണിനു തുക നൽകി. | 1-22 |
| 40 | വനിതാ ഘടക പദ്ധതിയിൽ അനുവദനീയമല്ലാത്ത പ്രോജക്ട് നടപ്പിലാക്കി | 1-23 |
| 41 | ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചില്ല | 1-24 |
| 42 | ഗാർഹിക ബയോഗ്യാസ് പ്ളാന്റ്- പദ്ധതി നടപ്പാക്കിയില്ല | 1-25 |
| 43 | ലൈഫ്മിഷൻ ഭവനനിർമ്മാണം-അവലോകനം | 1-26 |
| 44 | കൃഷി ഭവൻ കെട്ടിടത്തിന് അടിസ്ഥാന സൗകര്യങ്ങളില്ല | 1-27 |
| 45 | അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ പ്രകാരമുള്ള പ്രോജക്ട് നടപ്പിലാക്കിയില്ല | 1-28 |
| 46 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി 4.49ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല | 1-29 |
| 47 | എസ്.എസ്.കെ പ്രവർത്തനം കാര്യക്ഷമമല്ല | 1-30 |
| 48 | ജെൻഡർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കിയില്ല | 1-31 |
| 49 | തെരുവ് വിളക്ക് പരിപാലനം മോണിട്ടറിംഗില്ല | 1-32 |
| 50 | MCF ലേക്ക് വാങ്ങിയ ഉപകരണങ്ങൾ ഭൗതിക പരിശോധനയിൽ കണ്ടെത്തിയില്ല | 1-33 |
| 51 | സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് - പദ്ധതി പൂർത്തിയാക്കിയില്ല | 1-34 |
| 52 | മെയിന്റനൻസ് ഗ്രാന്റിനത്തിൽ 78.99 ലക്ഷം രൂപ ലാപ്സായി. | 1-35 |
| 53 | ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ പദ്ധതി- അപാകതകൾ | 1-36 |
| 54 | വെള്ളക്കരം - ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയില്ല | 1-37 |
| 55 | ലക്ഷക്കണക്കിനു രൂപയുടെ മരുന്നുകൾ KMSCL ൽ നിന്നും ലഭ്യമായില്ല | 1-38 |
| 56 | മരുന്ന് വാങ്ങൽ - ഹോംകോയിൽനിന്നും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല | 1-39 |
| 57 | നാപ്കിൻ ഡിസ്ട്രോയൽ യൂണിറ്റ് പ്രവർത്തക്ഷമമായില്ല | 1-40 |
| 58 | ശുചീകരണ പ്രവർത്തനത്തിനുള്ള സാധനം വാങ്ങൽ - വിശദാംശം ലഭ്യമാക്കേണ്ടതാണ് | 1-41 |
| 59 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-42 |
| 60 | ലൈഫ് മിഷൻ– ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാകാത്തതിനാൽ ഗുണഭോക്താക്കൾ ഭവന രഹിതരായി തുടരുന്നു. | 1-43 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കലും നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2023 തീയതിയിലെ 3(3) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 11.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഏഴംകുളം ഗ്രാമപ്പഞ്ചായത്തിന്റെ മാർച്ച് 2023-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൽഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ

06.12.2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62(2)F നിർദ്ദേശിക്കപ്പെട്ട പ്രകാരം സെക്രട്ടറിയുടെ കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ (Ratios) എന്നിവ സംബന്ധിച്ച പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് സംബന്ധിച്ച് രേഖയില്ല

Rp40-(b) Dist Co-0perative Bank() നീക്കിയിരിപ്പായി രേഖപ്പെടുത്തിയ തുകയുടെ (89310) അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയില്ല.

### 1-1-3 തുക ക്രമീകരിച്ചെങ്കിലും അക്കൗണ്ട് ക്ലോസ് ചെയ്തില്ല

കോവിഡ് വ്യാപന നിയന്ത്രണത്തിന് തനതുഫണ്ടിൽ നിന്ന് ചെലവഴിച്ച 371357 രൂപ 26.11.22 ൽ ക്രമീകരിച്ചെങ്കിലും ബാലൻസ് ഷീറ്റിൽ അദർ സബ് ട്രഷറിയിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് ഉചിതമല്ല. ആയത് ഒഴിവാക്കേണ്ടതാണ്.

### 1-1-4 ക്യാഷ് ഫ്ളോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ളോ പത്രികയിലെ ആകെ ക്യാഷ് ഫ്ളോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-5 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

തലേ വർഷം വരെയുള്ള ഡിമാന്റുകൾ വർഷാരംഭത്തിലും, തുടർന്നുണ്ടാകുന്ന ഡിമാന്റുകൾ എല്ലാ മാസവും രേഖപ്പെടുത്തുന്നില്ല.

### 1-1-6 പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വരവ് തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നില്ല

വാടകയിനത്തിൽ തൻവർഷം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന 94183 രൂപയും ലേലം ഇനത്തിൽ അവശേഷിക്കുന്ന 625000 രൂപയും ബാലൻസ് ഷീറ്റിൽ B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല.

### 1-1-7 ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥിര ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

### 1-1-8 വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയർ DCB വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-9 വിവിധ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾക്ക് ആധികാരികത ഇല്ല

കേരള വാട്ടർ അതോറിറ്റി, കേരള ഇലക്ട്രിസിറ്റി ബോർഡ്, ഭൂജലവകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന മുൻകൂർ തുകയുടെ ആധികാരികത പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയില്ല.

### 1-1-10 ലൈഫ് മിഷൻ നീക്കിയിരിപ്പ് തുക തെറ്റായ ഹെഡ്ഡിൽ അക്കൗണ്ട് ചെയ്തു

ലൈഫ് മിഷൻ സംസ്ഥാന വിഹിതം 1600000 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ഇത് B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനു പകരം B5 ഷെഡ്യൂളിൽ ആണ് ഉൾപ്പെടുത്തിയത്.

### 1-1-11 സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് തുക ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

സംയുക്ത പദ്ധതികളുടെ ട്രഷറി അക്കൗണ്ട് പ്രകാരം നീക്കിയിരിപ്പ് ഇല്ല. എന്നാൽ ഷെഡ്യൂളിൽ B4 പ്രകാരം ഈയിനത്തിൽ നീക്കിയിരിപ്പ് ഉണ്ട്.

## 1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 28.03.2022 തീയതിയിലെ I/1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 27.03.2023 തീയതിയിലെ V-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും, റസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻകം &എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | റസീപ്റ്റ് & പേയ്മെന്റ് പത്രിക | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 37663116 | 33441335 | |
| പ്രതീക്ഷിത വരവ് | 661647500 | 62623145 | 222934906 |
| ആകെ | 699310616 | 96064480 | 222934906 |
| പ്രതീക്ഷിത | 666986000 | 49886422 | 210865806 |

| | | | |
|---|---|---|---|
| ചെലവ് | | | |
| നീക്കിബാക്കി | 32324616 | 46178058 | |

ബജറ്റ് പ്രകാരം 66.16കോടി രൂപയുടെ പ്രതീക്ഷിത വരവും 66.69 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. ഗ്രാമപ്പഞ്ചായത്തിന്റെ 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 22.29 കോടി രൂപയും ചെലവ് 21.08 കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി കഴിയുന്നത്ര വാസ്തവികമായ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-215 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. കാര്യക്ഷമമായ വിഭവ സമാഹരണത്തിനും വാർഷിക പദ്ധതിയുമായി ബന്ധപ്പെടുത്തിയ അനിവാര്യവും പൊതുവുമായ ചുമതലാ നിർവ്വഹണത്തിനും ഇതിലുൾപ്പെട്ട പ്രോജക്ടുകളുടെ സമയബന്ധിതവും ഗുണകരവുമായ നിർവ്വഹണം ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധി എന്ന നിലയിൽ ബജറ്റിനെ പ്രയോജനപ്പെടുത്തുവാൻ സാധിക്കേണ്ടതുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസിപ്റ്റ് & പെയ്മെന്റ് | ഇൻകം & എക്സ്പെൻഡീച്ചർ |
|---|---|---|
| മുന്നിരിപ്പ് | 33441335 | |
| ഓഡിറ്റ് വർഷത്തെ വരവ് | 62623145 | 222934906 |
| ആകെ വരവ് | 96064480 | 222934906 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 49886422 | 210865806 |
| നീക്കിയിരിപ്പ് | 46178058 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായതുക/നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 21023800 | 21023800 | 18178351 | 2845449 |
| വികസനഫണ്ട് (SCP) | 0 | 12117000 | 12117000 | 10957574 | 1159426 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 2848238 | 6929842 | 9778080 | 3813813 | Lapse-25066<br>Bank-5939201 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 549318 | Allotment-4497425<br>Interest-272359 | 5319102 | 2862585 | Lapse-446556<br>Bank-2009961 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 14968000 | 14968000 | 10523415 | 4444585 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 7158000 | 7158000 | 3702683 | 3455317 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | |
| ലൈബ്രറി ഗ്രാന്റ് | 419 | 15580 | 15999 | 15580 | 419 |
| ലൈഫ് മിഷൻ | 600000 | 1000000 | 1600000 | 0 | 1600000 |
| ശുചിത്വ മിഷൻ | 4883992 | 200000 | 5083992 | 1143821 | 3940171 |
| ഹെൽത്ത് ഗ്രാന്റ് 1 | 0 | 219232 | 219232 | 0 | 219232 |
| ഹെൽത്ത് ഗ്രാന്റ് 2 | 0 | 162244 | 162244 | 0 | 162244 |
| ഫ്ളഡ് റിലീഫ് ഗ്രാന്റ് | 15035 | 0 | 15035 | 0 | 15035 |

| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| MGNREGS | 5345 | 71663489 | 71668834 | 71294585 | 374249 |
| ഐ.സി.ഡി.എസ് | 2508063 | 1829576 | 4337639 | 1020349 | 3317290 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വികസനഫണ്ട് (ജനറൽ)- സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിലുള്ള 934400 രൂപ, ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് ഇനത്തിലുള്ള 1141132 രൂപ എന്നിവ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വികസനഫണ്ട് (Scp)- ലൈഫ് മിഷൻ വായ്പാ തിരിച്ചടവിന് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 957574 രൂപ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

**1. 2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കിയത് (എണ്ണം) | ഭാഗീകമായി നടപ്പാക്കിയവ | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 256 | 170496924 | 62955769 | 106 | 47 | 103 | 36.92 |

**2. വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും**

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| ഉത്പാദനം | 15306470 | 7757325 | 50.7 |
| സേവനം | 141686798 | 42924134 | 30.3 |
| പശ്ചാത്തലം | 30667424 | 12274310 | 40 |

**3. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| സെക്രട്ടറി | 51 | 27 | 19992772 | 6969911 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 7 | 6834120 | 3205796 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 111 | 49 | 30380328 | 13820264 |
| കൃഷി ഓഫീസർ | 15 | 15 | 3462860 | 2816526 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 12 | 89182044 | 20295190 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18 | 15 | 8343270 | 6233151 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 13 | 11 | 5153619 | 4175470 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 4 | 4 | 1120000 | 1100716 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 530000 | 530000 |
| പ്രഥമാദ്ധ്യാപകൻ, ജി.എൽ.പി.എസ് | 1 | 1 | 1000000 | 1000000 |
| വെറ്ററിനറി സർജൻ | 8 | 8 | 2797611 | 1548611 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1550000 | 1099834 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5345 | 1005489 | 1010834 | 636585 | 374249 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 70658000 | 70658000 | 70658000 | 0 |
| ആകെ | 5345 | 71663489 | 71668834 | 71294585 | 374249 |

## 1-7 ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 3735 | 37656200 |
| വിധവാ പെൻഷൻ | 1246 | 13808000 |
| കർഷക തൊഴിലാളി പെൻഷൻ | 233 | 2516200 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 452 | 5032000 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 62 | 633600 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 02-11-2023, 11 A. M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 11887/- (പതിനൊന്നായിരത്തി എണ്ണൂറ്റി എൺപത്തി ഏഴ്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്.

ഭൂരിഭാഗം രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിക്കുന്നില്ല. ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. മാസ്റ്റർ ഇൻക്യുംബൻസി രജിസ്റ്റർ, തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. സ്യൂട്ട് രജിസ്റ്ററിൽ കേസുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്സർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പൂർണ്ണമല്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യുയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണ് പഞ്ചായത്ത് അവലംബിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്. ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മറ്റി, ജനറൽ കമ്മറ്റി എന്നിവയുടെ മിനിട്സുകൾ യഥാവിധി പരിപാലിച്ച് വരുന്നുണ്ട്. ഗ്രാമസഭയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ട്. വർക്കിംഗ്

കമ്മറ്റി മിനിട്സ് പരിപാലിക്കുന്നുണ്ട്. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്യുന്നില്ല. പൊതുടാപ്പുകളുടെ വെള്ളക്കരം, തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്താൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്. മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ സേവന പെൻഷൻ ഡാറ്റാ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്. ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളും ILGMS പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഇനത്തിലുള്ള പണം ഒടുക്കുന്നില്ല.

പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. പെർമിറ്റ് ഫയലും, കെട്ടിടങ്ങളുടെ നമ്പറിംഗിനായുള്ള ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കാത്തതിനാൽ ഇത് സംബന്ധിച്ച പരിശോധനകൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ. 2019 ചട്ടത്തിലെ അനുബന്ധം ജി2 മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്. അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/ നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷം അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. എന്നാൽ പഞ്ചായത്ത് അപ്രകാരം ചെയ്തിട്ടില്ല. വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് എടുത്തവരിൽ നിന്നും 31/03/22 വരെയുള്ള കാലയളവിലെ വാടകക്കുടിശ്ശിക ഇനത്തിൽ ഈടാക്കാനുള്ളത് 94183 രൂപയാണ്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിലും രേഖകൾ കൃത്യമാക്കി സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ച ഉണ്ടായിട്ടുണ്ട്. കടമുറിയുടേയോ വാടകയ്ക്ക് എടുത്തിരുന്ന വ്യക്തിയുടെയോ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ദീർഘനാളായി വാടകക്കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ കുത്തകാവകാശം ഒഴിപ്പിച്ച് പുനർ ലേലം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും കൃത്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് മുമ്പ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണത്തിന് നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് കഴിയാത്ത സ്ഥിതിയാണുള്ളത്.

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്. ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ച, തീർപ്പാക്കാൻ ആവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

2. ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാക്കാൻ അവശേഷിക്കുന്നതായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.

3. പഞ്ചായത്ത് യോഗനടപടിക്കുറിപ്പുകളുടെ നക്കൽ, യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ സെക്രട്ടറി തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതും, നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി അംഗീകരിച്ച് സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതും, സെക്രട്ടറി ഉടൻതന്നെ അത് സകർമ്മ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ്.

4. ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

5. സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, ഏതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം,

ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) എന്നിവ ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

6. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയത്സിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

8. സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

9. പുതുതായി നമ്പർ അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

10. പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ഒരുമിച്ച് സൂക്ഷിക്കേണ്ടതാണ്.

11. അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

12. ട്രേഡേഴ്സ് ലിസ്റ്റ് സമഗ്രമായി പരിഷ്കരിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, മുൻ വർഷം ലൈസൻസ് നൽകിയ എല്ലാ സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

13. ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും, പുതുതായി അനുവദിക്കുന്ന അപേക്ഷകൾ ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതുമാണ്.

14. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.

15. ഷോപ്പിംഗ് കോംപ്ലക്സ് വാടക അതാത് മാസം തന്നെ ഒടുക്കുവരുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും കുടിശ്ശിക വരുത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ കുടിശ്ശിക വരുത്തിയ മാസം തന്നെ സ്വീകരിക്കേണ്ടതുമാണ്.

16. വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.

17. സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2018 മുതൽ 13.09.2018 വരെ | 2013-2014 മുതൽ 2017-2018 വരെ | 23.10.2018 |
| പെർഫോമൻസ് ഓഡിറ്റ് | 20.06.2022 മുതൽ 21.06.2022 വരെ | 01/2022 മുതൽ 03/2022 വരെ | 12.07.2022 |

## 1-11 നികുതി/നികുതിയേതര വരവ് സംബന്ധിച്ച അവലോകനം

വസ്തു നികുതി വരവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വരവു കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2022-23 വർഷത്തെ വാർഷിക കണക്ക്, സഞ്ചയ DCB എന്നിവ പ്രകാരമുള്ള വരവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| വസ്തു നികുതി വരവ് - സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം | ₹8339544 |
| വസ്തു നികുതി വരവ് - വാർഷിക കണക്കുകൾ പ്രകാരം | ₹8041551 |

ILGMS സംവിധാനത്തിൽ രേഖപ്പെടുത്തുന്ന വസ്തു നികുതി വരവ് ഓൺലൈൻ ആയി സഞ്ചയ ഡാറ്റാബേസിൽ അതേ സമയം തന്നെ രേഖപ്പെടുത്തുന്നതാണ്. എന്നാൽ സങ്കേതിക കാരണങ്ങളാൽ ഇന്ററപ്റ്റഡ് രസീത് മുഖേനയും ഔട്ട്ഡോർ കളക്ഷനിലൂടെയും വസ്തു നികുതി പിരിക്കുമ്പോൾ ILGMS ൽ വരവ് വെക്കുന്ന തുക പിന്നീട് സഞ്ചയയിൽ ഓരോ കെട്ടിടത്തിന്റെയും നേർക്ക് ഡേറ്റബേസിൽ വരവ് രേഖപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ സഞ്ചയയിൽ വരവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയാൽ സഞ്ചയയിലേയും ILGMS ലേയും വരവ് തുക വ്യത്യാസപ്പെടുന്നതാണ്. മേൽ വിഷയത്തിൽ തുടർ നിരീക്ഷണമുണ്ടാകേണ്ടതാണ്.

<u>വസ്തു നികുതിയിൽ 19.85 ലക്ഷം രൂപയുടെ കുടിശ്ശിക.</u>

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള വസ്തുനികുതി പിരിവിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷം 19.85 ലക്ഷം രൂപ കുടിശ്ശിക ഉള്ളതായി വ്യക്തമായി. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള DCB സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| ആകെ ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ |
| 1429242 | 8895648 | 10324890 | 752415 | 7587129 | 8339544 | 676827 | 1308519 | 1985346 |

<u>ഓൺലൈൻ നികുതി വരവ് യഥാസമയം ഗ്രാമപഞ്ചായത്തിനു ലഭിക്കുന്നില്ല.</u>

ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി സഞ്ചയയിലും ILGMS ലും വരവു വെക്കപ്പെടുമെങ്കിലും ബാങ്കിൽ തുക ക്രെഡിറ്റ് ആകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഓൺലൈൻ ആയി ഒടുക്കിയ തുക ബാങ്കിൽ വരവു വയ്ക്കപ്പെടുന്നുണ്ടെന്ന് നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കാതിരുന്നാൽ നഷ്ട സാധ്യത ഉണ്ടാകുന്നതാണ്.

<u>2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ</u>

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01.04.2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22.3.2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നിതനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2. സ.ഉ(അച്ചടി)നം. 25/2023/LSGD തിയതി 05.04.2023 (എസ്.ആർ.ഒ.നം. 479/2023/ 10.04.2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

<u>2023 ലെ വസ്തുനികുതി പരിഷ്കരണം നടപടികളുടെ പുരോഗതി വിലയിരുത്തൽ</u>

| നിർദ്ദേശം | നടപ്പാക്കിയത് |
|---|---|
| <u>വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ</u><br>എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണ്. | എല്ലാ കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടില്ല. |
| <u>കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ</u><br>മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് വിവരം ഫോറം 9ബി പ്രകാരം അറിയിക്കാവുന്നതാണ്.<br>സമയപരിധി - 15-05-2023 | നാളിതുവരെ 120പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് വേളയിലും അതിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. |

| | |
|---|---|
| <u>കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന</u><br>ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30.06.2023 വരെ സമയം അനുവദിച്ചിരുന്നു. | ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യത യുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. | നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവരെ ഇന്റർവ്യൂ നടത്തി നിയമിക്കുവാൻ തീരുമാനിച്ചെങ്കിലും ഒരു വീടിന്റെ വിവരശേഖരണത്തിനു 30 രൂപ മാത്രമുള്ളതിനാൽ ഇവർ ജോലി ചെയ്യാൻ തയ്യാറായിരുന്നില്ല. വീണ്ടും പത്രപ്പരസ്യം നൽകിയെങ്കിലും 5 അപേക്ഷകൾ മാത്രമെ ലഭിച്ചിട്ടുള്ളൂ. |
| വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം | കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.<br>കരട് വിജ്ഞാപനം 11.05.2023-ലെ 11(1)-ാം നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കരട് വിജ്ഞാപനം 04-07-2023 ൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകുകയും ചെയ്തിരുന്നു.<br>08-09-2023ൽ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു.കൂടാതെ ദേശാഭിമാനി, മാതൃഭൂമി എന്നീ പത്രങ്ങളിൽ വിജ്ഞാപനം പരസ്യപ്പെടുത്തിയിട്ടുമുണ്ട്.<br>അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ 01.10.2023ൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. |
| <u>വസ്തു നികുതി നിരക്കും മേഖലകളും</u><br><u>റോഡുകളുടെ തരം തിരിവും</u><br>പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. | വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയമേഖല എന്നിവ പുതുക്കിയിട്ടില്ല. |

<u>അൺ ഓതറൈസ്ഡ് കെട്ടിടങ്ങളിൽ നിന്നും നികുതി പിരിവിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.</u>

ഗ്രാമപഞ്ചായത്തിന്റെ അൺ ഓതറൈസ്ഡ് കെട്ടിടങ്ങളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പരിശോധിച്ചതിൽ 29 കെട്ടിടങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയുടെ നികുതി യഥാസമയം ഈടാക്കുന്നില്ലായെന്ന് സഞ്ചയ

സോഫ്റ്റ്‌വെയർ പരിശോധനയിൽ കണ്ടു. ഉദാഹരണത്തിന 2/2 UA, 12/1 UA ഈ കെട്ടിടത്തിന്റെ നികുതി 2017-18 ൽ ഈടാക്കിയതിന ശേഷം ഈടാക്കിയിട്ടില്ല.

രജിസ്റ്ററിലെ ആദ്യ 16 കെട്ടിടങ്ങളുടെ നികുതി വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടില്ല. അതിനാൽ തന്നെ ഈ കെട്ടിടങ്ങളുടെ നിയമാനസൃത നികുതി ഈടാക്കുന്നുണ്ടോയെന്ന ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. (UA-VII/631 A, VIII/334 C, IX/502 B, VI/571 G, IX/1, XII/1, 562 E, XV/279 A, X/420 A, 1/58 A, IV/476 A, XIX/ 5A, XI/18A, XI/18 B, XIX/UA1, Xi/UA1)

ഏതെങ്കിലും കെട്ടിടം നിയമാനസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ , അത് വകപ്പ് 233,ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു. ഇപ്രകാരം UA നമ്പർ നൽകിയ കെട്ടിടങ്ങളിൽ നിന്നും നിയമാനസൃത വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

<u>അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല.</u>

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 ന മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 പ്രകാരം ഇപ്രകാരം നിയമാനസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. അനധികൃതമായി 29 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ ഇവയൊന്നും നിയമാനസൃതമാക്കിയിട്ടില്ല. അത്തരത്തിൽ അപേക്ഷ ലഭിച്ചിട്ടില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന മറുപടി നൽകി. ഇക്കാരണത്താൽ അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിന സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിന കഴിഞ്ഞിട്ടില്ല എന്ന ഓഡിറ്റ് വിലയിരുത്തുന്നു.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2. അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

4. ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി അക്കൗണ്ടിൽ യഥാസമയം വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി – 9/27.1023)

## 1-11-1 വസ്തു നികുതി ഇതര വരുമാനങ്ങൾ സംബന്ധിച്ച അവലോകനം

തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് വസ്തു നികുതി കഴിഞ്ഞാലുള്ള പ്രധാന തനത് വരുമാന മാർഗങ്ങൾ. ഇവ സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

**<u>എ) തൊഴിൽ നികുതി</u>**

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനങ്ങളിലൊന്നാണ് തൊഴിൽ നികുതി. തൊഴിൽ നികുതിയുടെ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| ജീവനക്കാർ | 1363668 | 1363668 | 0 | - |
| ട്രേഡേഴ്സ് | 400580 | 398080 | 0 | അഡ്വാൻസായി ₹2500/-കളക്ട് ചെയ്തിരിക്കുന്നു. |
| ഇൻസ്റ്റിറ്റ്യൂഷൻ | 173070 | 173070 | 0- | |

തൊഴിൽ നികുതി ഇനത്തിൽ 100 % കളക്ഷനാണ്. കളക്ഷൻ തുക തന്നെയാണ് ഡിമാന്റായി കാണിക്കുന്നത്.

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുമ്പോൾ ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**ബി) ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്.**

ലൈസൻസ് ഫീസിന്റെ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|
| ലൈസൻസ് ഫീസ് | 312400 | 281500 | 0 | അഡ്വാൻസായി ₹30900/-കളക്ട് ചെയ്തിരിക്കുന്നു. |

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നില്ല. തൻ വർഷം ആകെ ലൈസൻസ് നേടിയ 442 വാണിജ്യ സ്ഥാപനങ്ങളാണുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 2230 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി. എസ്.)എ 9-764/2019 നമ്പർ ഉത്തരവ് അനുസരിച്ച് റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ആയതിനാൽ എല്ലാ റേഷൻകടകളും പഞ്ചായത്ത് ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

**സി) വാടക**

വാടക ഇനത്തിലുള്ള തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാടക | 447698 | 353515 | 94183 |

ഗ്രാമപ്പഞ്ചായത്തിലെ ഏനാത്ത്, ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടകയാണ് പ്രധാന വരവ്. 2022-23 സാമ്പത്തിക വർഷം കുടിശ്ശികയിനത്തിൽ 94183 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. നിലവിൽ PWD നിരക്കിൽ നിശ്ചയിച്ച് ലേലം ചെയ്തിട്ടുള്ള കടമുറികൾ പരസ്യ ലേലം നടത്തി വാടക വർദ്ധനവ് വരുത്തേണ്ടതാണ്. ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സിലെ ഒഴിഞ്ഞു കിടക്കുന്ന കടമുറി പരസ്യ ലേലം ചെയ്യേണ്ടതാണ്. ഒരു കടമുറിയുടെ ഷട്ടർ തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തതിനാൽ ലേലം ചെയ്യുവാനാകുന്നില്ല. ടി കടമുറി അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

വസ്തു നികുതി ഒഴികെയുള്ള വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിലുള്ള പുരോഗതിയുടെ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നടത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതാണ്.

## 1-12 KVVS എഞ്ചിനീയറിംഗ് കോളേജിന്റെ 10.56 ലക്ഷം രൂപയുടെ വസ്തു നികുതി ഈടാക്കിയില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള Pending List പരിശോധിച്ചതിൽ നിന്നും 2018-19 ൽ Un Authorised ആയി രേഖപ്പെടുത്തിയ KVVS എഞ്ചിനീയറിംഗ് കോളേജിന്റെ 14 കെട്ടിടങ്ങൾക്ക് നാളിതുവരെ സെക്രട്ടറി അപ്രൂവൽ നൽകിയിട്ടില്ല എന്നു കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഫയൽ നമ്പർ/തീയതി | കെട്ടിടത്തിന്റെ ബിൽറ്റ് അപ്പ് ഏരിയ, ഉപയോഗക്രമം | ആകെ നിർണ്ണയിച്ച വസ്തു നികുതി (സേവന നികുതി, ലൈബ്രറി സെസ്സ് ഉൾപ്പെടെ) |
|---|---|---|---|
| 8/1/UA | E1-7954/18; 01-01-2019 | 832.29 | 22375 |

| | | | |
|---|---|---|---|
| 8/2/UA | E1-7954/18; 01-01-2019 | 832.29 | 22375 |
| 8/3/UA | E1-7954/18; 01-01-2019 | 810.79 | 21799 |
| 8/4/UA | E1-7954/18; 01-01-2019 | 810.79 | 21799 |
| 8/5/UA | E1-3799/18; 01-01-2019 | 810.79 | 19074 |
| 8/6/UA | E1-3799/18; 01-01-2019 | 538.48 ഓഫീസ് | 79159 |
| 8/7/UA | E1-3799/18; 01-01-2019 | 185.64 | 4368 |
| 8/8/UA | E1-3799/18; 01-01-2019 | 123.81 | 3331 |
| 8/9/UA | E1-3799/18; 01-01-2019 | 216.58 | 5827 |
| 8/10/UA | E1-3799/18; 01-01-2019 | 216.58 | 5827 |
| 8/11/UA | E1-3799/18; 01-01-2019 | 216.58 | 5827 |
| 8/12/UA | E1-3799/18; 01-01-2019 | 216.58 | 5827 |
| 8/13/UA | E1-3799/18; 01-01-2019 | 321.46 | 8644 |
| 8/14/UA | E1-3799/18; 01-01-2019 | 321.46 | 8644 |
| | | **ആകെ** | **₹234876** |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എ, 2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 എന്നിവ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് കെട്ടിട നമ്പർ U.A എന്ന രേഖപ്പെടുത്തി അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും രേഖപ്പെടുത്തിയാണ് നൽകേണ്ടത്.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(AA) പ്രകാരം ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടാൽ ആയതിന് സ്വീകരിക്കേണ്ട നടപടികൾക്ക് ഭംഗം വരാതെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന നികുതിയും, അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക വസ്തുനികുതിയായി കെട്ടിട ഉടമയിൽനിന്നും ഈടാക്കണം.

ഇപ്രകാരം മേൽ കെട്ടിടങ്ങളുടെ പ്ലാൻ തയ്യാറാക്കുകയും UA ആയി കണക്കാക്കി സഞ്ചയയിൽ ഡേറ്റ എൻട്രി നടത്തിയ ശേഷം നാളിതുവരെ അപ്രൂവൽ നൽകാതിരുന്നതിനു ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 24/30.10.2023) ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടില്ല. 2018-19 രണ്ടാം അർദ്ധ വർഷം, 2019-20 മുതൽ 2022-23 വരെയുള്ള നാലു സാമ്പത്തിക വർഷങ്ങൾ കൂടി കണക്കിലെടുത്താൽ ഗ്രാമപഞ്ചായത്തിനു **₹10,56,942 രൂപ നഷ്ടമുണ്ടായിട്ടുണ്ട്.** (234876/2 + 4x 234876)

ഈ വിഷയത്തിൽ തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ തുടർ നിർദ്ദേശങ്ങളുണ്ടാകേണ്ടതാണ്. നാലു വർഷത്തോളം നികുതി ഇനത്തിൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നത് ഉദ്യോഗസ്ഥ തലത്തിലുള്ള വീഴ്ചയാണ്. ഭരണസമിതി ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 സ്ഥാപനങ്ങളുടെ/വ്യക്തികളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച വിവരം സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പോൾ ഏതാനും ചില വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും വസ്തു നികുതി കുടിശ്ശിക വലിയ തോതിലുള്ളതാണെന്നു കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, വിലാസം | വാർഡ് നമ്പർ / കെട്ടിട നമ്പർ | നിർണ്ണയിച്ച നികുതി (PT+LC+SC), കുടിശ്ശിക കാലയളവ് | ആകെ വസ്തു നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | P J ജെയിംസ് , മുണ്ടയ്ക്കൽ പൊയ്കയിൽ , തേപ്പുപാറ | 3/593 | 2044+103+716<br>=2863<br>2018-19 മുതൽ 2022-23 വരെ | 2863x5= 14315 |
| 2 | നന്ദകുമാർ, ശാസ്താ എന്റർപ്രൈസസ്, ഏനാത്ത് | 12/518 | 4032+202+1412<br>= 5646<br>2020-21 മുതൽ 2022-23 വരെ | 16938 |
| 3 | നൂർജഹാൻ, മഠത്തിൽ വീട്,ഏനാത്ത് | 12/528 | 1361+69+477<br>=1907<br>2017-18 മുതൽ 2022-23 വരെ | 1907x6 = 11442 |
| 4 | ഷാജഹാൻ, ,സജിമി മൻസിൽ, ഏനാത്ത് | 12/1075 | 1958+98+686<br>= 2742<br>2019-20 മുതൽ 2022-23 വരെ | 2742x4=10968 |
| 5 | സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, ഏനാത്ത് പോലീസ് സ്റ്റേഷൻ | 14/579 | 6930+347+2426<br>= 9703<br>2021-22 മുതൽ 2022-23 വരെ | 9703x2= 19406 |
| 6 | ചന്ദ്രശേഖരൻ പിള്ള, വഴവിളയിൽ, ഇളംഗമംഗലം, ഏനാത്ത് | 14/1139 | 11703+586+4096<br>= 16385<br>2022-23 | 16385 |
| 7 | ചന്ദ്രശേഖരൻ പിള്ള, വഴവിളയിൽ, ഇളംഗമംഗലം, ഏനാത്ത് | 14/1140 | 31981+1600+11194<br>=44772<br>2022-23 | 44772 |
| 8 | ചന്ദ്രശേഖരൻ പിള്ള, വഴവിളയിൽ, ഇളംഗമംഗലം, ഏനാത്ത് | 14/1141 | 9507+476+3328<br>= 13311<br>2022-23 | 13311 |
| 9 | തഹസീൽദാർ, താലൂക്ക് ഓഫീസ്, അടൂർ | 14/1179 | 9274+464+3246<br>= 12984<br>2022-23 | 12984 |
| 10 | ബിജു എം തങ്കച്ചൻ, ചരുവിള മേലേതിൽ, | 20/366 | 19933+997+6977<br>= 27907 | 27907 |

| | | | | |
|---|---|---|---|---|
| | പറക്കോട് | | 2022-23 | |
| 11 | ജയദേവി, അവിട്ടം കുറ്റിയിൽ, അറുകാലിക്കൽ ഈസ്റ്റ് | 20/501 | 945+48+331 = 1324<br>2012-13 മുതൽ 2022-23 വരെ | 1324 X 11 = 14564 |
| 12 | കെ എം രാജു, കൊച്ചു തുണ്ടിൽ ,ഇളംഗമംഗലം, പറക്കോട് | 20/689 | 30240+1512+10584<br>= 42336<br>2022-23 | 42336 |
| 13 | റിലയൻസ് ഇൻഫോ കോം, കൊച്ചി | 20/857 | 18900+945+6615<br>= 26460<br>2022-23 | 26460 |
| 14 | ചെയർമാൻ, നാഷണൽ സെൻട്രൽ സ്കൂൾ, ഏഴംകുളം | 20/932 | 30224+1512+10579<br>= 42315<br>2020-21 മുതൽ 2022-23 വരെ | 3X 42315 =126945 |
| 15 | ചെയർമാൻ, നാഷണൽ സെൻട്രൽ സ്കൂൾ, ഏഴംകുളം | 20/933 | 4883+245+1709<br>= 6837<br>2020-21 മുതൽ 2022-23 വരെ | 3 X 6837 =20511 |

മേൽ വ്യക്തികളിൽ / സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനു ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/27-10-2023) മറുപടിയായി തുക ഒടുക്കുവാൻ ഉള്ളവർക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക പിരിച്ചെടുക്കുന്നതാണെന്ന് ഓഡിറ്റിനു മറുപടി നൽകിയിട്ടുണ്ട്. സ.ഉ (കൈ) നം.124/2022/lsgd; 15-06-2022 പ്രകാരം കെട്ടിട നികുതിയിൽ വലിയ കുടിശ്ശിക വരുത്തുന്നവരുടെ പേരു വിവരങ്ങൾ പ്രാദേശിക സർക്കാർ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനവും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

## 1-14-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നീ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എസ് ബി ഐ, ഏനാത്ത് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | താഴെയിൽ നിധി ലിമിറ്റഡ്, ഏഴംകുളം | രണ്ടാം അർദ്ധവർഷം |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, ഏനാത്ത് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 4 | സർവീസ് കോപ്പറേറ്റീവ് ബാങ്ക്, നെടുമൺ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | ലോകനേത്ര ക്രഡിറ്റ്സ് ഏഴംകുളം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | യൂക്കോ ബാങ്ക്, ഏഴംകുളം | ഒന്നാം അർദ്ധവർഷം |
| 7 | കേച്ചേരി ചിട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ഏഴംകുളം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | മണപ്പുറം ഫിനാൻസ്, ഏഴംകുളം | ഒന്നാം അർദ്ധവർഷം |
| 9 | ഇ കോം എക്സ്പ്രസ്, ഏഴംകുളം | ഒന്നാം അർദ്ധവർഷം |

മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി(നം.16/28.10.2023) നല്കിയിരുന്നു. ടി സ്ഥാപനങ്ങൾക്ക് അടിയന്തിരമായി നോട്ടീസ് നല്കി തുക ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കിയശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14-2 ജീവനക്കാരുടെ തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പൂർണ്ണമായും നികുതി പിരിവ് നടത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷം |
|---|---|---|
| അഗ്നി ഫ്യൂവൽസ്, ഏനാത്ത് | 9 | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ഫോക്കസ് പാർട്ട്സ് മാർട്ട് ലിമിറ്റഡ്, കോട്ടമുകൾ | 5 | രണ്ടാം അർദ്ധവർഷം |
| യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, അടൂർ | 5 | രണ്ടാം അർദ്ധവർഷം |
| ബഥേൽ ഡെന്റൽ ക്ലിനിക്, ഏനാത്ത് | 1 | രണ്ടാം അർദ്ധവർഷം |
| ഡി ഡി ആർ സി എസ് ആർ എൽ ഡയഗ്നോസ്റ്റിക്സ് | 5 | രണ്ടാം അർദ്ധവർഷം |
| കേച്ചേരി ചിട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, ഏഴംകുളം | 5 | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ലോകനേത്ര ക്രഡിറ്റ്സ് ഏഴംകുളം | 2 | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| പി.എൻ.എം പബ്ലിക് സ്കൂൾ, ഏഴംകുളം | 9 | ഒന്നാം അർദ്ധവർഷം |
| ആർഷ വിദ്യ ജ്യോതി പബ്ലിക് സ്കൂൾ, നെടുമൺ | 20 | ഒന്നാം അർദ്ധവർഷം |

നികുതി പിരിച്ചെടുക്കാത്തതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(16/28.10.2023) മറുപടിയായി ടി സ്ഥാപനങ്ങൾക്ക് അടിയന്തിരമായി നോട്ടീസ് നല്കി നികുതി പിരിച്ചെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാനങ്ങളിലൊന്നാണ് തൊഴിൽനികുതി. തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനും ഈടാക്കുന്നതിനും പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതും ഈ ഇനത്തിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14-3 റേഷൻ കടകൾ, ക്ഷീരസംഘങ്ങൾ എന്നിവങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 11 റേഷൻ കടകളിൽ ഒന്നും തന്നെ രണ്ട് അർദ്ധവർഷങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 4 ക്ഷീരസംഘങ്ങളുള്ളതിൽ, (ഏഴംകുളം KUCS, കടിക KUCS, കൈതപ്പറമ്പ് KUCS, അറുകാലിക്കൽ KUCS) ഏഴംകുഴം ക്ഷീരസംഘം ഒഴികെയുള്ളവയിൽ നിന്നും തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിലേക്കായി ടി സ്ഥാപനങ്ങൾക്ക് അടിയന്തിരമായി കത്ത് നൽകി നികുതി ഈടാക്കേണ്ടതാണ്.

## 1-14-4 സ്വയം തൊഴിൽ ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ(സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ,അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം-16/28.10.2023) മറുപടി നല്കിയിട്ടുണ്ട്. തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതും ഈ ഇനത്തിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ലൈസൻസ് ഫീസ് പിരിവിലെ അപാകങ്ങൾ

കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 442 സ്ഥാപനങ്ങളാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്.

2022-23 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

2) തൻവർഷം ലൈസൻസ് എടുത്ത 442 സ്ഥാപനങ്ങളിൽ ഏകദേശം 50 ഓളം സ്ഥാപനങ്ങളാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് എടുത്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) മിക്ക സ്ഥാപനങ്ങളും സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകളിൽ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ലൈസൻസ് ഫീസ് നിർണ്ണയിച്ചതിലെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. അപേക്ഷകളിൽ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും അതനുസരിച്ച് ലൈസൻസ് ഫീസ് നിർണ്ണയിച്ച് ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) 2022-23 സാമ്പത്തിക വർഷം 442 സ്ഥാപനങ്ങളിൽ നിന്നാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ അനുസരിച്ച് വാണിജ്യാവശ്യത്തിനുള്ളവ, ഓഫീസ് ആവശ്യത്തിനുള്ളവ എന്നീ ഉപയോഗക്രമങ്ങളിലായി 2230 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും വ്യവസായ/വാണിജ്യ വിനിയോഗങ്ങൾക്ക് കെട്ടിട നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 മാട്ടിറച്ചി വിൽപനാവകാശം-ലേലം സ്ഥിരപ്പെടുത്തി നല്കിയതിൽ അപാകത

ഏനാത്ത് മാർക്കറ്റിലെ താത്കാലിക സ്റ്റാൾ കെട്ടി, അംഗീകൃത കശാപ്പ് കേന്ദ്രങ്ങളിൽനിന്നും മാംസം കൊണ്ടുവന്ന് വില്പന നടത്തുന്നതിനുള്ള അവകാശം 16.03.2022 ലേലം ചെയ്തതിൽ, ഏറ്റവും ഉയർന്ന തുക വിളിച്ചത് ശ്രീ ഷാജഹാൻ, ചരുവിള വീട്, നെടുമ്പന എന്ന വ്യക്തിയാണ്. 1250000 രൂപയായിരുന്നു ലേലത്തുക. 19.03.2022ൽ പഞ്ചായത്തു

കമ്മറ്റിത്തീരുമാനം നം.5.1 പ്രകാരം മുഴവൻ തുകയും രണ്ടു ഗഡുക്കളാക്കി അടവാക്കുന്നതിന് അനുമതി നല്കി ലേലം സ്ഥിരപ്പെടുത്തി. ഒന്നാമത്തെ ഗഡുവായി 625000രൂപയും ആയതിന്റെ ജി.എസ്.റ്റി തുകയുമടക്കം 737500രൂപ(രസീത് നം-121040107641/21.03.2022) അദ്ദേഹം പഞ്ചായത്തിൽ അടച്ചു. എന്നാൽ ബാക്കിത്തുക നാളിതുവരെ അടച്ചിട്ടില്ല. ലേലത്തുക പൂർണ്ണമായും അടവാക്കാതെതന്നെ സാമ്പത്തിക വർഷം ഉടനീളം ഇദ്ദേഹം മാട്ടിറച്ചി വ്യാപാരം നടത്തി. ലേല ഫയൽ, ലേല ഡയറി എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു .

04.03.2022ലെ ലേല നോട്ടീസിലെ നിബന്ധനകളിലെ 6-ാം ഇനമായി പറഞ്ഞിട്ടുള്ളത് *'ലേലം താല്കാലികമായി സ്ഥിരപ്പെടുത്തിക്കഴിഞ്ഞാൽ ഉടൻ തന്നെ ലേലക്കാരൻ മുഴവൻ തുകയും കെട്ടിവെയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം'*

ലേലത്തുക 2 ഗഡുക്കളായി മാത്രമേ അടയ്ക്കാൻ സാധിക്കുകയുള്ളൂവെന്ന് ലേലംകൊണ്ടയാൾ ലേലം സ്ഥിരപ്പെടുത്തുന്നതിനു മുമ്പ് തന്നെ പഞ്ചായത്തിൽ അറിയിച്ചിരുന്നു. ലേലം കൊണ്ടയാൾ ഒറ്റതവണയായി മുഴവൻ തുകയും കെട്ടിവെക്കാത്ത പക്ഷം നിശ്ചിത തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ലേല നോട്ടീസിൽ നിഷ്കർഷിച്ചിരുന്നെങ്കിലും സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തന്നെ ടിയാൾക്ക് ലേലം സ്ഥിരപ്പെടുത്തി നല്കി. 10 പേർ പങ്കെടുത്ത പ്രസ്തുത ലേലത്തിൽ ലേലം കൊണ്ട വ്യക്തി ക്വോട്ട് ചെയ്ത തുകയ്ക്ക് തൊട്ട് താഴെയായി 5000 രൂപ മാത്രം കുറവിൽ മറ്റൊരാൾ ലേലം വിളിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇവരെയൊന്നും പരിഗണിക്കാതെയാണ് ലേല നിബന്ധന ലംഘിച്ച വ്യക്തിക്ക് തന്നെ ലേലം സ്ഥിരപ്പെടുത്തി നല്കിയത്. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(4/26.10.2023), പഞ്ചായത്തിന്റെ വരുമാനം ഉയർത്തുക എന്നത് മാത്രമാണ് ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം ഉറപ്പിച്ചതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. പഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുസൃതമായി ലേല നടപടികൾ കൈക്കൊള്ളുന്നതിന് പഞ്ചായത്തും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-16-1 ലേലത്തുക പൂർണ്ണമായും പിരിച്ചെടുത്തില്ല

മാട്ടിറച്ചി വിൽപ്പനാവകാശത്തിന്റെ ലേലത്തുക രണ്ട് ഗഡുക്കളായി അടവാക്കുന്നതിനായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. ആദ്യ ഗഡുവായി 625000 രൂപയും ആയതിന്റെ ജി.എസ്.റ്റി ഉൾപ്പെടെ 737500 രൂപ 21.03.2022 ൽ പഞ്ചായത്തിൽ അടവാക്കി. രണ്ടാമത്തെ ഗഡുവായ 737500രൂപ നാളിതുവരെയായി അടവാക്കിയിട്ടില്ല. ലേലക്കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (04/26.10.23), കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക തുകയും പിഴപ്പലിശയും ഉൾപ്പെടെ ആകെ 928078 രൂപയ്ക്കാണ് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളത്. നടപടികൾ വേഗത്തിലാക്കി കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. തുക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-17 വാടകയിനത്തിലുള്ള കുടിശ്ശിക ഈടാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് വക കടമുറികളുടെ വാടക കുടിശ്ശിക ഇനത്തിൽ 94183 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സിലെ 7-ാം നമ്പർ കടമുറി വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീമതി. ബെൻസി ഫിലിപ്പ്, ആനമൂടിയത്ത്, തട്ട എന്നയാളാണ് കുടിശ്ശിക വരുത്തിയിട്ടുള്ളത്. കുടിശ്ശിക പിരിച്ചെടുക്കാത്തതിന് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-2/26.10.2023) മറുപടിയായി റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് തുക ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിശദമായ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 പട്ടിക ജാതി കുട്ടികൾക്ക് പഠനമുറി നിർമാണം അപാകതകൾ

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, പ്രോജക്റ്റ് നം | പട്ടിക ജാതി കുട്ടികൾക്ക് പഠനമുറി നിർമാണം, 190/2023 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | ₹2650,000/- |
| ചെലവ് | ₹1450000/- |
| ബിൽ നം., തീയതി | 22050352016601190748, 15/02/2023 |
| | 22050352016601193637, 15/02/2023 |
| | 22050352016601204445, 17/02/2023 |

| | |
|---|---|
| | 22050352016601204652, 17/02/2023 |
| | 22050352016601359009, 15/03/2023 |
| | 22050352016601548745, 29/03/2023 |
| | 22050352016601556272, 29/03/2023 |
| | 22050352016601042775, 13/01/2023 |
| | 22050352016601072774, 21/01/2023 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശ്രീ മോഹനൻ ബി, ശ്രീ സുരേഷ് ബി, ശ്രീമതി ലേഖാ ജി, ശ്രീ സുനിൽകുമാർ, ശ്രീ ശിവപ്രസാദ്, ശ്രീ സുധാകരൻ, ശ്രീമതി കവിത, ശ്രീ രാജേഷ് എന്നീ ഗുണഭോക്താക്കൾക്ക് ഭാഗികമായി മാത്രമേ തുക വിതരണം ചെയ്തിട്ടുള്ളൂ. പൂർണമായും തുക വിതരണം ചെയ്യാതിരുന്നതിന്റെ കാരണം, പദ്ധതിയുടെ നിലവിലെ സ്ഥിതി എന്നിവ വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.14/28.10.2023) നല്കിയിരുന്നു. ശ്രീ മോഹനൻ ബി എന്ന ഗുണഭോക്താവ് ഒഴികെയുള്ളവരെ 2023-24 വർഷം സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കി. നിർമ്മാണം പൂർത്തീകരിച്ച് തുക പൂർണ്ണമായും വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. ശ്രീ മോഹനൻ ബി., അയത്തിൽ എന്ന ഗുണഭോക്താവിന് 13/01/23 ൽ ₹ 50,000/- രൂപ മുൻകൂറായി അദ്ദേഹത്തിന്റെ അക്കൗണ്ട് നമ്പറിൽ നൽകിയിട്ടുണ്ട്. ടിയാൾക്ക് സാമ്പത്തിക ബാധ്യതകളും ബാങ്ക് ലോൺ മുഖേന ജപ്തി നടപടികളും ഉള്ളതായി അറിയാൻ കഴിഞ്ഞതിനാൽ ടിയാന്റെ അക്കൗണ്ടിലുള്ള തുക ഫ്രീസ് ചെയ്യാനും തുടർന്ന് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആക്കാനും സെക്രട്ടറി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മാനേജരോട് 21/01/23 ന് ആവശ്യപ്പെട്ടു. ടിയാന് ആനുകൂല്യത്തിന് അർഹതയില്ലെന്ന് തീരുമാനിക്കാൻ ഉണ്ടായ കാരണം ആരാഞ്ഞ് നല്കിയ എൻക്വയറിയ്ക്ക് (നം. 14/28.10.23) നിർമ്മാണ പ്രവർത്തികൾ ആരംഭിക്കണമെന്ന് പലതവണ ആവശ്യപ്പെട്ടിട്ടെങ്കിലും ചെയ്യാതിരുന്ന സാഹചര്യത്തിൽ മുൻകൂറായി നല്കിയ തുക തിരികെ പഞ്ചായത്തിന്റ തനത് ഫണ്ടിലേക്ക് അടവാക്കിയതായി മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കു വരുത്തി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 സൗരോർജ പദ്ധതി നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, പ്രോജക്റ്റ് നം | സൗരോർജ പദ്ധതി, 07/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 901577 |
| ചെലവ് | 901577 |
| ബിൽ നം., തീയതി | 285, 25/02/2023 |

സൗരോർജ പദ്ധതിയുടെ നിർവഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സൗരോർജ പദ്ധതിയുടെ സ്ഥാപനത്തിന് വേണ്ടി 901577/- രൂപ അനർട്ടിന്റെ ഡിസ്ട്രിക്ട് എഞ്ചിനീയർക്ക്, 25/02/23 ന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അനർട്ടുമായി ഒപ്പുവച്ച കരാർ വ്യവസ്ഥ പ്രകാരം, തുക ഡിപ്പോസിറ്റ് ചെയ്ത് ആറു മാസത്തിനുള്ളിൽ പ്ലാന്റ് സ്ഥാപിക്കുമെന്ന് അനർട്ട് അംഗീകരിച്ചതിൻ പ്രകാരം 2023 ആഗസ്റ്റ് മാസം പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.കരാർ പ്രകാരം, ടെണ്ടർ നടപടികൾ പൂർത്തിയാക്കി പവർപ്ലാന്റ് സ്ഥാപിക്കുമ്പോൾ ചിലവാകുന്ന തുക(വർക്ക് ഓർഡർ തുകയും അതിന്റെ പത്ത് ശതമാനം ഭരണ ചിലവ് ഇനത്തിലും, ഇതുമായി ബന്ധപ്പെട്ട മറ്റ് ചെലവുകളും) പദ്ധതിക്കായി സ്ഥാപനം ഡെപ്പോസിറ്റ് ചെയ്ത തുകയെക്കാൾ കുറവാണെങ്കിൽ അത് കിഴിച്ച് ബാക്കി തുക അനർട്ട് ഗുണഭോക്താവിന് തിരികെ നൽകുന്നതാണ്. അല്ലാത്തപക്ഷം കൂടുതലായി അനെർട്ടിന് ചിലവാകുന്ന തുക സ്ഥാപനം അനർട്ടിന് നൽകേണ്ടതുമാണ്. എന്നാൽ ആകെ 901577/- രൂപാ ഡെപ്പോസിറ്റ് ചെയ്തതല്ലാതെ ബിൽ അഡ്ജസ്റ്റ്മെന്റ് ചെയ്തതായി കാണുന്നില്ല (പവർവൻ എന്ന സ്ഥാപനം ഇൻവർട്ടറിന്റെ 106400/- രൂപയുടെ ടാക്സ് ഇൻ വോയിസ് സമർപ്പിച്ചിട്ടുണ്ട്). ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-21/30.10.2023) അനർട്ടുമായി ബന്ധപ്പെട്ട് പവർപ്ലാന്റ് സ്ഥാപിച്ചതിന് ചെലവായ തുക ഡെപ്പോസിറ്റ് തുകയേക്കാൾ കുറവാണെങ്കിൽ ബാലൻസ് തുക ലഭ്യമാക്കുന്നതാണെന്ന് ഉറപ്പു വരുത്തും എന്ന മറുപടി നല്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

2. കരാർ പ്രകാരം സൗര നിലയത്തിൽ ഉപയോഗിക്കുന്ന എല്ലാ ഉപകരണങ്ങൾക്കും 5 വർഷത്തെ വാറന്റി സ്ഥാപിക്കുന്ന ഏജൻസി നൽകുന്നതാണ്. ഓരോ മൂന്നു മാസം കൂടുമ്പോഴും സർവീസ് എഞ്ചിനീയർ സൈറ്റിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.നിലവിൽ സോളാർനിലയം പ്രവർത്തനരഹിതമായതിനാൽ ഈ വ്യവസ്ഥകളൊന്നും തന്നെ പാലിക്കുന്നില്ല. സർവീസ് എഞ്ചിനീയർ സൈറ്റിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആയത് സംബന്ധിച്ചുള്ള വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.പുരോഗതിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. സോളാർ പവർ പ്ലാന്റുകൾക്കുള്ള ഇൻസെന്റീവ്- 2022-23 സാമ്പത്തികവർഷം അനർട്ടിന്റെ ജില്ലാ ഓഫീസുകൾ മുഖേന ഡെപ്പോസിറ്റ് പ്രവർത്തിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന സൗരവൈദ്യുതി നിലയങ്ങൾക്ക് പദ്ധതി തുകയുടെ 10% അനെർട്ട് ഇൻസെന്റീവ് ലഭിക്കുന്നതാണ്. ഇൻസെന്റീവ് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-21/30.10.2023), നിലവിൽ തുക ലഭ്യമായിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി നല്കി.പഞ്ചായത്തിന് ലഭിക്കേണ്ട തുക അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

നിലവിൽ പ്ലാന്റ് പ്രവർത്തിക്കാത്തതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. കരാർ പ്രകാരമുള്ള സർവ്വീസ് നടത്താതിരിക്കുന്നുണ്ടെങ്കിൽ സ്ഥാപനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 പദ്ധതികൾ നടപ്പിലാക്കിയില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടതായും 2022 -23 വർഷം നടപ്പിലാക്കാൻ കഴിയാതെ വരുകയും ചെയ്തു. വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റ് നമ്പർ 137/23- പനവിള യൂത്ത് സെൻറർ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ (അടങ്കൾ തുക 88000/- )

പദ്ധതിക്കായി 15/11/22 ൽ ക്വട്ടേഷൻ ക്ഷണിക്കുകയും 28/11/22/- 2(2)ലെ കമ്മിറ്റി തീരുമാന പ്രകാരം ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ഈ പദ്ധതി നടപ്പിലായിട്ടില്ല.

2. പ്രോജക്റ്റ് നമ്പർ 81/ 23 - വാർഡ് രണ്ടിലെ അംഗനവാടി നിർമ്മാണം തുക കൈമാറൽ സംബന്ധിച്ച്(അടങ്കൽ തുക 710000). ഈ പദ്ധതിക്ക് 5/4/22 - ൽ അംഗീകാരം കിട്ടി. 2022-23 ൽ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗനവാടി നിർമ്മിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതത്തിനായി കത്ത് നൽകിയത് പോലും 14/02/23 ന് മാത്രമാണ്.

3. പദ്ധതി നമ്പർ 128/22 -23 -ഈഴക്കോട്ട് ചിറ, ഏനാത്ത് പച്ച തുരുത്ത് എന്നിവിടങ്ങളിലെ സൗന്ദര്യവൽക്കരണം (അടങ്കൽ തുക 250000/-)

15/11/22 ൽ ഈ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച ക്വട്ടേഷൻ അംഗീകരിക്കുകയും 28/11/ 22 ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 27/7/2022-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പച്ചത്തുരുത്ത് സൗന്ദര്യവൽക്കരണത്തിനായി ഇറിഗേഷൻ വകുപ്പിന്റെ അനുമതി വാങ്ങിയശേഷം വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഈ പദ്ധതി 22-23ൽ നടപ്പിലാക്കിയതായി കാണുന്നില്ല .

മേൽ പദ്ധതികൾ നടപ്പിലാക്കാതിരുന്നതിനും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം, ജലസ്രോതസ്സ് എന്നിവ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ ഉൾപ്പെട്ടതാണോ എന്ന് വ്യക്തമാക്കുന്നതിനും ഓഡിറ്റ് എൻക്വയറി (28/31.10.23) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ അംഗീകാരം ലഭിക്കുന്ന പദ്ധതികൾ യഥാസമയം പൂർത്തിയാക്കാൻ കഴിയാത്തത് പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും പോരായ്മകളേയാണ് കാണിക്കുന്നത്. വരും വർഷങ്ങളിൽ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനും ഫണ്ട് ലാപ്സാകാതിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഇ-ടെണ്ടർ ഫീ ഇനത്തിൽ 2.62 ലക്ഷം രൂപ തിരികെ ഈടാക്കിയില്ല.

ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കായിരുന്നു. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയ തുക, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942 /2010/സിഇ.തസ്വഭ വനമ്പർ സർക്കുലർ). എന്നാൽ ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രത്യേകം ബാങ്ക് അക്കൗണ്ട് നാളിതുവരെ തുടങ്ങിയിട്ടില്ല.

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് ഇ-ടെണ്ടർ ഫീസും ഇ.എം.ഡി യും നിലവിലും ഒടുക്കിവരുന്നത്. 2016-17 മുതൽ 2020-21 വരെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കിയ ₹415221 രൂപ 10/01/22-ൽ ഗ്രാമപഞ്ചായത്തിൽ തിരികെ ലഭിച്ചിട്ടുണ്ട്. 2021-22 വർഷം ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ ₹150414 രൂപ തിരികെ ലഭിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ₹111650 കൂടി ലഭിക്കാനുണ്ട് . ഇപ്രകാരം ആകെ രണ്ടു സാമ്പത്തിക വർഷങ്ങളിലായി ₹262964 രൂപ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ഈ തുക ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ അസിസ്റ്റന്റ് എഞ്ചിനീയറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പാർശ്വഭിത്തി നിർമ്മാണത്തിൽ ഉപയോഗിക്കാത്ത ബോണ്ട് സ്റ്റോണിന് തുക നൽകി.

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നടപ്പാക്കിയ DR കല്ല് കെട്ടിന് DSR-2018 പ്രകാരമുള്ള നിരക്ക് (75.7.1) എസ്റ്റിമേറ്റുകളിൽ നൽകിയതായി കണ്ടു. Bond Stone ഉപയോഗിച്ചുള്ള DSR 75.7.1 എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുമ്പോൾ നിരക്ക് ₹5988.21/m3 ആയി വർദ്ധിച്ചിട്ടുണ്ട്. ഈ നിരക്ക് വർദ്ധനയ്ക്ക് കാരണം Bond Stone ന്റെ നിരക്കും ഇതു സ്ഥാപിക്കുന്നതിനായി നൽകേണ്ടി വരുന്ന ലേബർ ചാർജ്ജുമാണ്.

റാൻഡമായി 5 സൈറ്റുകളിൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ മൂന്ന് പ്രവൃത്തികളിൽബോണ്ട് സ്റ്റോൺ ഉപയോഗിച്ചിരുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു. മറ്റു രണ്ട് പ്രവൃത്തികളിൽ ഏതാനും ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടുള്ളതായും കണ്ടു. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള എണ്ണം ബോണ്ട് സ്റ്റോണുകൾ ഇത്തരം സംരക്ഷണ ഭിത്തികളിൽ കണ്ടിട്ടില്ല. ഒരു M3 ഏരിയയിൽ 7 ബോണ്ട് സ്റ്റോൺ ഉപയോഗിക്കുന്നതിനാണ് നിരക്ക് നൽകുന്നത്.

പ്രൊജക്ട് നം 146/2022-23, മാമ്പിലാക്കാവ് ഏലാ തോഡ് സൈഡ് കെട്ട്, 209/2022-23, കോയ്പ്പള്ളി മല ആമ്പല്ലൂർക്കുഴി പാറവിള റോഡ് സംരക്ഷണഭിത്തി, 220/2022-23,കൊട്ടാരം പടി കുഴിയത്ത് പടി റോഡ് സൈഡ് കെട്ട് എന്നീ സംരക്ഷണഭിത്തി നിർമ്മാണങ്ങളിൽ ബോണ്ട്സ്റ്റോൺ ഉപയോഗിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.



(മാമ്പിലാക്കാവ് ഏലാ തോഡ് സൈഡ് കെട്ട്)



(കൊട്ടാരം പടി കുഴിയത്ത് പടി റോഡ്)

പ്രൊജക്ട് നം 180/2022-23,മാങ്കുളം കോട്ടമുകൾപ്പടി റോഡ് സൈഡ് കെട്ട് എന്ന പ്രവൃത്തിയിൽ ഏതാനും ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടുണ്ട്. മെഷർമെന്റ് ബുക്ക് പ്രകാരം 40.331 M3 കല്ല് കെട്ടിന് 282 ബോണ്ട് സ്റ്റോണുകൾ ഉപയോഗിക്കേണ്ടതാണ്. എന്നാൽ 50 ൽ താഴെ എണ്ണം ബോണ്ട് സ്റ്റോണുകളാണ് ഓഡിറ്റിനു പ്രാഥമികമായി കാണാൻ കഴിഞ്ഞിട്ടുള്ളത്.



(മാങ്കുളം കോട്ടമുകൾപ്പടി റോഡ് സൈഡ് കെട്ട്)

പ്രൊജക്ട് നം 141/2022-23, പട്ടകുന്നിൽ പടി ഇലഞ്ഞിവേലിൽപ്പടി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ ഏതാനും ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടുണ്ട്. മെഷർമെന്റ് ബുക്ക് പ്രകാരം 31.871 M3 കല്ല് കെട്ടിനു 223 ബോണ്ട് സ്റ്റോണുകൾ ഉപയോഗിക്കേണ്ടതാണ്. എന്നാൽ 40 ൽ താഴെ എണ്ണം ബോണ്ട് സ്റ്റോണുകളാണ് ഓഡിറ്റിനു പ്രാഥമികമായി കാണാൻ കഴിഞ്ഞിട്ടുള്ളത്.

ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെയുള്ള DR കല്ല് കെട്ടിന് DSR Code 60.7.1 ഉപയോഗിക്കുമ്പോൾ ₹3535.21/m3 രൂപ മാത്രമാണ് ചെലവു വരിക. മുൻ വർഷങ്ങളിൽ ബോണ്ട് സ്റ്റോൺ ഇല്ലാതെയുള്ള സംരക്ഷണഭിത്തി നിർമ്മാണത്തിനു എസ്റ്റിമേറ്റിൽ 60.7.1 എന്ന ഇനമാണ് നൽകിയിരുന്നത്.

പ്രൊജക്ട് നമ്പർ 267/2020-21/SO 46/2022-23 പനയംകുന്ന് മണ്ണാറ ഏലാ സംരക്ഷണഭിത്തി നിർമ്മാണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റിൽ Observed Data (OD 858094/2020_21) ഉപയോഗിച്ചപ്പോൾ ഒരു M3 നു ₹2809.90 രൂപ മാത്രമാണ് നിരക്ക് നൽകിയിരുന്നത്.

അതിനാൽ ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെയുള്ള സംരക്ഷണഭിത്തി നിർമ്മാണത്തിനു അംഗീകരിക്കപ്പെട്ട

Observed Data ഇല്ലാത്തതിനാൽ DSR Code 60.7.1 എന്നതിലെ നിരക്കാണ് അംഗീകരിക്കാനാകുക.

ഈ രണ്ടു DSR നിരക്കുകൾ തമ്മിലുള്ള വ്യത്യാസം ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു.

| DR കല്ല് കെട്ടിനു DSR Code 60.7.1 ഉപയോഗിച്ചിരുന്നെങ്കിൽ നൽകേണ്ട (M3 ന്) | Through/Bond Stone DR കല്ല് കെട്ടിനു ഉപയോഗിച്ചതായുള്ള നിരക്ക് -75.7.1 (M3 ന്) | അധികമായി നൽകുന്ന തുക (M3 ന്) (₹) |
|---|---|---|
| ₹3535.21 | ₹5988.21 | 5988.21-3535.21 = 2453 |

DR കല്ല് കെട്ടിന് Bond Stone ഉപയോഗിക്കുമ്പോൾ നൽകുന്ന ഉയർന്ന നിരക്കിന്റെ DSR സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

Code 75.7.1

DRY RUBBLE MASONRY _ Dry Rubble Masonry With Hard Stone, Including Through/Bond Stone In Foundation And Superstructure Including Packing To Compactness To Lines And Levels, Cost And Conveyance Of All Materials Labour Charges Etc. Complete As Per Approved Drawing And Relevant Technical Specifications.

| Code | Dscription | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| M-148 | Stone For RR Masonry | Cum | 1 | 1222.08 | 1222.08 |
| M-361 | Through Bond Stone<br>(7 No's<br>0.24x0.24x0.39-0.16m3) | No | 7 | 52.75 | 369.25 |
| L-12 | Mate | Day | 0.12 | 617 | 74.04 |
| L-11 | Mason (Ist Class) | Day | 1.2 | 738 | 885.60 |
| L-29 | Mazdoor (Unskilled) | Day | 1.8 | 558 | 1004.40 |
| L-21 | Bhisti | Day | 0.08 | 617 | 49.36 |
| Total | | | | | 3604.73 |
| Add Overhead@10% | | | | | 360.47 |
| Total | | | | | 3965.20 |
| Add Contractors Profit @ 10% | | | | | 396.52 |
| Total | | | | | 4361.72 |
| Cost Index37.29% | | | | | 1626.49 |
| Total With Cost Index | | | | | 5988.21/m3 |

DR കല്ല് കെട്ടിനു ബോണ്ട് സ്റ്റോൺ ഉപയോഗിക്കാതെ നൽകാവുന്ന DSR Code 60.7.1 നുള്ള സ്പെസിഫിക്കേഷൻ ചുവടെ ചേർക്കുന്നു.

Code 60.7.1

DRY RUBBLE MASONRY _ Dry Rubble Without Concrete Levelling Course Masonry With Good Quality Blasted Rubble Including Packing To Compactness To Lines And Levels Cost And Conveyance Of All Materials Labour Charges Etc. Complete As Per Direction Of Departmental Officers At Site.

| Code | Dscription | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 1157 | Stone For Masonry Work | Cum | 1.05 | 1100 | 1155 |
| 2215 | Carriage Of Soiling Stone And Masonry Stone | Cum | 1.05 | 122.08 | 128.18 |

| | | | | | |
|---|---|---|---|---|---|
| 0125 | Mason (Second Class) | Day | 0.8 | 679 | 543.20 |
| 0114 | Beldar | Day | 0.7 | 558 | 390.60 |
| Total | | | | | 2216.98 |
| Add Water Charges @ 1% | | | | | 22.17 |
| Total | | | | | 2239.15 |
| Add Contractors Profit, Overhead Charge @ 15% | | | | | 335.87 |
| Total | | | | | 2575 |
| Cost Index 37.29% | | | | | 960.21 |
| Total With Cost Index | | | | | 3535.21/m3 |

പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം/പേര് | ഫണ്ട്, ബിൽ തുക, ബിൽ നമ്പർ /തീയതി | DSR 2018 -75.7.1 (Through/Bond Stone) പ്രകാരം എസ്റ്റിമേറ്റിൽ നൽകിയ നിരക്ക് (M3x5988.21) (A) (₹) | DSR 2018 (60.7.1) പ്രകാരം നൽകാവുന്ന നിരക്ക് (M3 X3535.21) (B) (₹) | എം ബുക്ക് പ്രകാരം നൽകിയ തുക കണക്കാക്കിയുള്ള നഷ്ടം (₹) (ക്വോട്ട് ചെയ്ത നിരക്ക് - B) |
|---|---|---|---|---|---|
| 1 | 125/2022-23, പടിഞ്ഞാറെത്തുണ്ടിൽപ്പടി മഠത്തിന്റെ കിഴക്കേതിൽ ഭാഗം റോഡ് സംരക്ഷണഭിത്തി | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹163493 (ബിൽ നം. 433/28.03.2023) | 25.058x5988.21 = 150053 | 25.058x3535.21 = 88585 | 123561- 88585 = 34976 (25.058 M3 X4931 = 123561) |
| 2 | 162/2022-23, പൂപ്പൻവില്ല കലുങ്ക് ഇലഞ്ഞിക്കോട്പടി സംരക്ഷണ ഭിത്തി. | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹221447 (ബിൽ നം. 416/27.03.2023) | 37.459x5988.21 = 224312 | 36.697x3535.21 = 129732 | 172475- 129732 = 42743 (36.697 M3x 4700 = 172475) |
| 3 | 209/ 2022-23, കോയ്പ്പള്ളി മല ആമ്പല്ലൂർക്കുഴി പാറവിള റോഡ് സംരക്ഷണഭിത്തി | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹330812 (ബിൽ നം. 415/27.03.2023) | 67.025x5988.21 = 401360 | 55.989x3535.21 = 197933 | 251950- 197933 = 54017 (55.989 M3 X4500 = 251950) |
| 4 | 146/2022-23, മാമ്പിലാക്കാവ് ഏലാ തോട് സൈഡ് കെട്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ₹254776 (20.01.2023) | 32.7x5988.21 = 195814 | 32.7x3535.21 = 115601 | 191891 - 115601 = 76290 (32.7 M3 X5868.24 = 191891) |
| 5 | 73/2022-23, | ധനകാര്യ | 19.493x5988.21 | 19.493x3535.21 | 79372 - 68912 |

| | | | | | |
|---|---|---|---|---|---|
| | മൈലാക്കോട് കളീലുവിള തോഡ് സൈഡ് കെട്ട് | കമ്മീഷൻ ഗ്രാന്റ് ₹101993 (08.07.2022) | = 116728 | = 68912 | = 10460 (19.493 M3 X 4071.84 = 79372) |
| 6 | 72/2022-23 നെടുമൺ ലക്ഷം വീട് മുക്കവരയ്യത്ത് തോട് സൈഡ് കെട്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹143300 (08.07.2022) | 26.923x5988.21 = 161221 | 26.923x3535.21 = 95178 | 115752 - 95178 = 20574 (26.923 M3 X 4299.38 = 115752) |
| 7 | 76/2022-23, വിഷ്ണു ക്ഷേത്രം കാപ്പിൽ ഏലാ തോട് സൈഡ് കെട്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹167483 (21.11.2022) | 33.197x5988.21 = 198791 | 33.197x3535.21 = 117358 | 133185- 117358 = 15827 (33.197 M3 X4011.96 = 133185) |
| 8 | 180/2022-23, മാങ്കുളം കോട്ടമുകൾ പ്പടി റോഡ് സൈഡ് കെട്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹231354 (ബിൽ നം. 330/08.03.2023) | 42.845x5988.21 = 256565 | 40.331x3535.21 = 142579 | 173827 - 142579 = 31248 ( 40.331 M3 X4310 = 173827) |
| 9 | 182/2022-23, കല്ലേത്ത്പടി ചാപ്പൽപ്പടി റോഡ് സൈഡ് കെട്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹242610 (ബിൽ നം. 279/24.02.2023) | 23.911x5988.21 = 143184 | 23.911x3535.21 = 84530 | 115801 - 84530 = 31271 (23.911 M3 X4843 = 115801) |
| 10 | 220/2022-23, കൊട്ടാരം പടി കുഴിയത്ത് പടി റോഡ് സൈഡ് കെട്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹399716 (ബിൽ നം. 280/24.02.2023) | 51.528x5988.21 = 308560 | 51.528x3535.21 = 182162 | 308498 - 182162 = 126336 (51.528 M3 X5987 = 308498) |
| 11 | 141/2022-23, പട്ടകുന്നിൽ പടി ഇലഞ്ഞിവേലിൽപ്പടി റോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - ₹663982 (ബിൽ നം. 140/19.12.2022) | 32.348x5988.21 = 193707 | 31.871x3535.21 = 112671 | 159355 - 112671 = 46684 (31.871 M3 X5000 = 159355) |
| 12 | 147/2022-23, മുക്കുഴിയിൽ തോട് സൈഡ് കെട്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹299864 (28.03.2023) | 38.191x5988.21 = 228696 | 38.191x3535.21 = 135013 | 228650 - 135013 = 93637 (38.191 M3 |

| | | | | | |
|---|---|---|---|---|---|
| | | | | | X5987<br>= 228650) |
| | | ആകെ | | | ₹5,84,063 |

മേൽ അപാകതകൾക്ക് അടിയന്തിരമായി ഓഡിറ്റിനു വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 17/28.10.23) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ലോക്കൽ മാർക്കറ്റിൽ 2018 Mord Specification പ്രകാരമുള്ള ബോണ്ട് സ്റ്റോണുകൾ ലഭിക്കുന്നില്ല എന്നും വ്യത്യസ്ത വലുപ്പത്തിലുള്ള ബോണ്ട്സ്റ്റോണുകൾ ഉപയോഗിച്ചിട്ടുണ്ടെന്നും ഓഡിറ്റിനെ അറിയിച്ചു. എന്നാൽ ഭൗതിക പരിശോധനയിൽ ഓഡിറ്റിനു ഇതു ബോദ്ധ്യപ്പെട്ടിട്ടില്ല.

ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോണ്ട് സ്റ്റോൺ ഇല്ലായെന്നു ബോദ്ധ്യപ്പെട്ട പ്രൊജക്റ്റ് നമ്പർ 209 ,146,220 എന്നീ പദ്ധതികളിൽ (ടേബിൾ ക്രമ നം 3,4,10) **അധികമായി നൽകിയ ₹256643 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.** ഈ തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

മറ്റ് ഒൻപത് പ്രവൃത്തികൾ ജില്ലാ ജോയിന്റ് ഡയറക്ടർ തലത്തിൽ അന്വേഷണം നടത്തുന്നതിനു ഓഡിറ്റ് ശുപാർശ ചെയ്യുന്നു. അതു വരെ ഈ പ്രവൃത്തികളിലൂടെ അധികം ചെലവഴിച്ച **₹327420 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** (584063-256643)

## 1-23 വനിതാ ഘടക പദ്ധതിയിൽ അനുവദനീയമല്ലാത്ത പ്രോജക്റ്റ് നടപ്പിലാക്കി

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അവഗണിച്ചാണ്" കന്നുകുട്ടി വിതരണം" (110/2023) എന്ന പ്രോജക്റ്റ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുള്ളത്.

കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ, വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർബന്ധമായും ഏറ്റെടുക്കേണ്ടതാണെന്ന് 14-ാം പദ്ധതി മാർഗ്ഗ രേഖ [സ.ഉ.(കൈ.)നമ്പർ 84/22 തസ്വഭവ തീയതി 19.04.22 ] ഖണ്ഡിക 6.3-ൽ നിഷ്കർഷിക്കുന്നു. സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും, സാമൂഹ്യ പദവി ഉയർത്തുന്നതിനുമുള്ള പ്രോജക്ടുകളാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. വികസനഫണ്ടിന്റെ 10% തുകയാണ് ഇതിനായി വകയിരുത്തേണ്ടത്. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ഖണ്ഡിക നം6.3 ൽ ഉണ്ട്. വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല[ഖണ്ഡിക നം.06.03.16]. എന്നാൽ മേൽപ്പറഞ്ഞ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വനിതാ ഘടക പദ്ധതി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചില്ല

വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (പ്രോജക്റ്റ് നം.113/2023), ധാതുലവണ മിശ്രിതം വിതരണം (പ്രോജക്റ്റ് നം.111/2023) എന്നിവയുടെ അധിക ഗുണഭോക്താക്കൾക്ക് ഗ്രാമപ്പഞ്ചായത്തു കമ്മറ്റിയുടെ തീരുമാന പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്.

| തീയതി | കമ്മറ്റിത്തീരുമാനം നം. | പ്രോജക്റ്റ് നം. |
|---|---|---|
| 12.12.2022 | 2(7) | 111 |
| 11.01.2023 | 1(6) | 111, 113 |
| 30.01.2023 | 1(3) | 111, 113 |

മേൽപ്പറഞ്ഞ പ്രകാരം ആനുകൂല്യം നൽകിയ ഏഴ് ഗുണഭോക്താക്കളുടെ പേരുവിവരം തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് ഗ്രാമസഭയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി (12/2023-27.10.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനാണ് ഗുണഭോക്താക്കളെ ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കണമെന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങി, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ഗാർഹിക ബയോഗ്യാസ് പ്ളാന്റ്- പദ്ധതി നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തികവർഷം പ്രോജക്റ്റ് നമ്പർ 10/23 ൽ ഉൾപ്പെടുത്തി വില്ലേജ് എക്സ്റ്റൻഷൻ

ഓഫീസർ മുഖേന ഗാർഹിക ബയോഗ്യാസ്പ്ലാന്റ് നൽകുന്നതിന് വികസനഫണ്ട് വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 10% ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന ഗുണഭോക്താക്കൾക്ക് 90% സബ്സിഡി ആനുകൂല്യത്തോടെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി നടത്തിയ ടെണ്ടർനടപടികളുടെ അടിസ്ഥാനത്തിൽ യൂണിറ്റ് കോസ്റ്റായി കുറഞ്ഞ നിരക്ക് 8710 രൂപ ക്വാട്ട് ചെയ്ത എമറാൾഡ് എന്റർപ്രൈസസ്, ഇടക്കൊച്ചി എന്ന സ്ഥാപനത്തെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 8.3.23 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്തിരുന്നത്. സ്ഥാപനവുമായി നിർവഹണോദ്യോഗസ്ഥൻ 16.03.23 ൽ കരാറിലേർപ്പെടുകയും 15 ഗുണഭോക്താക്കളിൽ നിന്ന് 871 രൂപ വീതം ആകെ 13065 രൂപ ശേഖരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതുമാണ് . എന്നാൽ തൻവർഷം പദ്ധതി നടപ്പായില്ല. പദ്ധതി തുക ചെലവഴിക്കാതിരുന്നതിന് കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(29/01.11.23) പദ്ധതി തൻവർഷം പൂർണ്ണമായി നടപ്പാക്കാൻ സാധിക്കാതിരുന്നതിനാൽ നടപ്പു വർഷം സ്പിൽ ഓവർ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത ഏജൻസിക്ക് പ്ലാന്റുകൾ വിതരണം ചെയ്യുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവഹണം സംബന്ധിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി പാലിക്കാത്തിനാൽ വർഷാവസാനം പദ്ധതി നടപ്പാക്കാൻ കഴിയാതെ വരികയും ഫണ്ട് ലാപ്സാകുകയും ചെയ്തു. ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ പദ്ധതിനിർവഹണം സംബന്ധിച്ച നടപടികൾ സമയക്രമം പാലിച്ച് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ലൈഫ്മിഷൻ ഭവനനിർമ്മാണം-അവലോകനം

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ലൈഫ്മിഷൻ ഭവനനിർമ്മാണ പദ്ധതിയിൽ 2020-21 സാമ്പത്തികവർഷം കരാറിലേർപ്പെട്ടവരിൽ ജനറൽ വിഭാഗത്തിൽ 11 ഉം എസ്.സി വിഭാഗത്തിൽ 17 പേരും നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്നവർ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | ജനറൽ | എസ്.സി |
|---|---|---|
| കരാറിലേർപ്പെട്ടവർ | 45 | 80 |
| നിർമ്മാണം ആരംഭിച്ചവർ | 4 | 10 |
| ബേസ്മെന്റ് പൂർത്തിയാക്കിയവർ | 8 | 14 |
| ലിന്റൽ പൂർത്തിയാക്കിയവർ | 9 | 10 |
| മേൽക്കൂര പൂർത്തിയാക്കിയവർ | 13 | 29 |
| നിർമ്മാണം പൂർത്തിയാക്കിയവർ | 11 | 17 |
| നിർമ്മാം പൂർത്തിയാക്കാനുള്ള ആകെ ഗുണഭോക്താക്കൾ | 34 | 63 |

ഓഡിറ്റ് വർഷം പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ജനറൽ | എസ്.സി.പി |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 2615830 | 420000 |
| ബ്ളോക്ക് പഞ്ചായത്ത് | 480000 | 380000 |
| ജില്ലാപഞ്ചായത്ത് | | 5340000 |
| ആകെ | 3095830 | 9920000 |

ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 കൃഷി ഭവൻ കെട്ടിടത്തിന് അടിസ്ഥാന സൗകര്യങ്ങളില്ല

കാർഷികവൃത്തിക്ക് ആവശ്യമായ വിത്തുകൾ, തൈകൾ, വളങ്ങൾ എന്നിവ ശേഖരിക്കുന്നതിനോ സൂക്ഷിക്കുന്നതിനോ സൗകര്യങ്ങളില്ലാത്തത് കൃഷിഭവന്റെ പ്രവർത്തനത്തിനെ പ്രതികൂലമായി ബാധിക്കുന്നു.കൂടാതെ കർഷകരുടെ യോഗം ചേരുന്നതിനോ വിവിധ ആവശ്യങ്ങൾക്ക് കൃഷിഭവനിലെത്തുന്ന കർഷകർക്ക് ഇരിപ്പിടമൊരുക്കുന്നതിനോ ആവശ്യമായ സ്ഥലസൗകര്യം ഇല്ല. അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം വാർഷികപദ്ധതികൾ നടപ്പാക്കുന്നതിനും കർഷകർക്ക് സേവനം ലഭ്യമാക്കുന്നതിനും തടസ്സം സൃഷ്ടിക്കുന്നു. ടോയ്‌ലറ്റ് കെട്ടിടത്തിന്റെ ഭിത്തി പൊട്ടിത്തകർന്ന് നിലം പൊത്താറായ അവസ്ഥയിലുമാണ്.

ഗ്രാമപഞ്ചായത്ത് പത്ത് സെന്റ് സ്ഥലം കണ്ടെത്തിനൽകിയാൽ കൃഷിഭവന്റെ നിർമ്മാണത്തിന് കൃഷി വകുപ്പ് ഫണ്ട്

അനുവദിക്കുന്നതാണെന്ന് കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നു. ഈ സാഹചര്യത്തിൽ കൃഷിഭവന് ആവശ്യമായ സ്ഥലസൗകര്യം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-28 അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ പ്രകാരമുള്ള പ്രോജക്ട് നടപ്പിലാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുഖേന നടപ്പിലാക്കുന്നതിനായി, അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാൻ പ്രകാരം ആവിഷ്കരിച്ച പ്രോജക്ട് നടപ്പിലാക്കിയില്ല. 246400രൂപ അടങ്കൽ നിശ്ചയിച്ച് തയ്യാറാക്കപ്പെട്ട " അതിദരിദ്രർക്കുള്ള കക്കൂസ് നിർമ്മാണം " (പ്രോജക്ട് നം.292/2023) എന്ന പ്രോജക്ടാണ് നടപ്പിലാക്കാതിരുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ [ജി.ഒ.(എം.എസ്.) നം.84/2022തീയതി19.04.2022] നിർദ്ദേശിച്ചിട്ടുള്ള പ്രകാരം അതിദരിദ്രർക്കായി ആവിഷ്കരിക്കപ്പെട്ട പ്രസ്തുത പ്രോജക്ട് നടപ്പിലാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് എൻക്വയറി (03/26.10.2023) നൽകിയിരുന്നു. 15400രൂപയാണ് ഒരു ഗുണഭോക്താവിനു വകയിരുത്തിയിരുന്നതെന്നും, ഈ തുക, ടോയ്‌ലറ്റ് നിർമ്മിക്കാൻ പര്യാപ്തമല്ലെന്നും, അതിദാരിദ്ര്യം അനുഭവിക്കുന്നവർക്ക് മറ്റ് മാർഗ്ഗത്തിൽ തുക കണ്ടെത്താൻ സാധിക്കില്ലെന്നും അതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതിയാണെന്നും വിഇഒ അറിയിച്ചു. സബ്സിഡി മാർഗ്ഗരേഖയ്ക്ക് അതീതമായി, വാല്യേഷൻ അടിസ്ഥാനപ്പെടുത്തി തുക അനുവദിക്കാൻ സർക്കാരിന്റെ പ്രത്യേക അനുവാദം ലഭിച്ചാൽ മാത്രമേ അതിദരിദ്രർക്കായുള്ള ഇത്തരം പ്രോജക്ടുകൾ സാദ്ധ്യമാകൂ എന്നും മറുപടി ലഭ്യമാക്കി.

സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ശബ്ദമുയർത്താൻ കഴിയാത്തതും, അടിസ്ഥാന അതിജീവന ആവശ്യങ്ങൾ ലഭിക്കാത്തവരും, പരസഹായം ഇല്ലാതെ ദൈനംദിന ജീവിതം മുൻപോട്ടു കൊണ്ടുപോകാൻ കഴിയാത്തതുമായ അതിദരിദ്ര വ്യക്തികളെയും കുടുംബങ്ങളെയും കണ്ടെത്തി, അവർക്കായി വ്യക്തിഗത സൂക്ഷ്മതല പദ്ധതികൾ നടപ്പിലാക്കണമെന്നും, എല്ലാ അടിസ്ഥാന ആവശ്യങ്ങളും ഉൾക്കൊള്ളിച്ചുവേണം മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടതെന്നും പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും പരിഹാരമാർഗ്ഗം തേടുന്നതിനും തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി 4.49ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ഐസിഡിപി പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് കൈമാറിയ തുകകൾ പൂർണ്ണമായിചെലവഴിച്ചിട്ടില്ല. 449629രൂപയാണ് ഐ.സി.ഡി.പി. പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നത്.

ഗ്രാമപ്പഞ്ചായത്ത് 2018-19, 2019-20, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ വെറ്ററിനറി സർജ്ജൻ മുഖേന നടപ്പിലാക്കിയ പദ്ധതി പ്രകാരമുള്ള ഗ്രാമപ്പഞ്ചായത്ത് വിഹിതം ഐസിഡിപി പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | കൈമാറിയ തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|
| 2018-19 | 325000 | 293560 | 31440 |
| 2019-20 | 312000 | 275749 | 36751 |
| 2021-22 | 312000 | 293160 | 19340 |
| 2022-23 | 625000 | 262902 | 362098 |
| ആകെ | 1574000 | 1125371 | 449629 |

പ്രോജക്ട് പൂർത്തീകരിച്ച സാഹചര്യത്തിൽ, മിച്ചം വന്ന തുക ഐസിഡിപി പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിൽനിന്ന് തിരികെ വാങ്ങി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 എസ്.എസ്.കെ പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമപ്പഞ്ചായത്തിലെ സ്കൂളുകളിൽ എസ്.എസ്.കെ പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിന്റെ അറിവോ സമ്മതമോ കൂടാതെ എസ്.എസ്.കെ. ഏകപക്ഷീയമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. സമഗ്ര ശിക്ഷാ കേരളം പദ്ധതി സംബന്ധിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം. 84/22 തീയതി 19.04.2022] ഖണ്ഡിക നം. 8.6 ൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന്റെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണമെന്നും, കൂടാതെ, പ്രോജക്ടിനു നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും

നടത്തുന്ന പ്രവർത്തനങ്ങൾ എന്നിവ എസ്.എസ്.കെ പ്രോജക്ട് ഡയറക്ടർ തദ്ദേശ സ്ഥാപനത്തെ അറിയിക്കണമെന്നും പ്രസ്തുത മാർഗ്ഗരേഖ നിഷ്കർഷിച്ചിട്ടുണ്ട്.

ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥനായി സമഗ്ര ശിക്ഷാ കേരളം പദ്ധതിക്കായി ഗ്രാമപ്പഞ്ചായത്ത് 2022-23ൽ ചുവടെ പറയുന്ന പ്രോജക്ട് ആവിഷ്കരിച്ച്, ബ്ലോക്ക് പ്രോജക്ട് കോ- ഓർഡിനേറ്റർക്ക് തുക കൈമാറിയിട്ടുണ്ട്.

| പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | അടച്ച തുക |
|---|---|
| 224/2023, എസ്.എസ്.എ വിഹിതം നൽകൽ | 1000000 |

ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ 2022-23 വർഷത്തേക്ക് നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ച് എസ്.എസ്.കെ. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ടി തുക വിനിയോഗിച്ച് പ്രോജക്ട് നടപ്പിലാക്കിയതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച് പഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് നടത്തിയിട്ടില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. സ്കൂളുകളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും, കുട്ടികളുടെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും ഉപകരിക്കുന്ന പ്രോജക്ടുകൾ എസ്.എസ്.കെയുമായി ചേർന്നുകൊണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 10/ 27-10-23) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-31 ജെൻഡർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കിയില്ല

അസിസ്റ്റൻറ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ ജെൻഡർ റിസോഴ്സ് സെൻററിന് അടിസ്ഥാന സൗകര്യം ഒരുക്കുന്ന പദ്ധതിയുടെ(നം 259/23) ഭാഗമായി കെ.എം ടെക്നോളജി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 20/3/23 ന് തനത് ഫണ്ടിൽ നിന്നും 5998/- രൂപ ചെലവഴിച്ച്, ഒരു യുപിഎസ് വാങ്ങി നൽകിയിട്ടുണ്ട്. ജെൻഡർ റിസോഴ്സ് സെന്ററിന്റെ 22-23 ലെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നം.15/28.10.2023) നല്കിയിരുന്നെങ്കിലും പ്രവർത്തന റിപ്പോർട്ട് ഹാജരാക്കിയില്ല. ജെൻഡർ റിസോഴ്സ് സെന്ററിന്റെ നിലവിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-32 തെരുവ് വിളക്ക് പരിപാലനം മോണിട്ടറിംഗില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം. | തെരുവ് വിളക്ക് പരിപാലനം, 01/23 |
| അടങ്കൽ | 750000 |
| ചെലവ് | 564157 |
| ബിൽ നം, തീയതി | 95/ 20-10-2022<br>112/ 21-11-2022<br>287/ 25-02-2023 |

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് പരിപാലനം എന്ന പദ്ധതിയിലേക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് ശ്രീ സതീഷ്കുമാർ VR എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിച്ച് നൽകിയിരുന്നു. ആകെ 3000 എണ്ണം 15 വാട്സ് എൽ ഇ ഡി ബൾബ്, ഹോൾഡർ ,1500 ഹോൾഡർ ഷേഡ്, 90 അലൂമിനിയം കോയിൽ വയർ എന്നിവ വാങ്ങാൻ കരാർ നൽകുകയും ചെയ്തു.

പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്ക് പരിപാലനം പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാവർഷവും തെരുവ്വിളക്കുകൾ വാങ്ങുന്നുണ്ടെങ്കിലും പഞ്ചായത്തിൽ ആകെ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നത് സംബന്ധിച്ച് രജിസ്റ്റർ/വിവരങ്ങൾ സൂക്ഷിക്കുന്നില്ല.

2. കേടായ തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പരാതി നൽകുന്നതുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ പരിപാലനത്തിൽ ഏതെങ്കിലും തരത്തിലുള്ള ജന പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

3. തെരുവ് വിളക്കുകളുടെ ആകെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ള ആസ്തി രജിസ്റ്റർ ഗ്രാമപഞ്ചായത്ത് തയാറാക്കിയതായി കാണുന്നില്ല. ആസ്തി രജിസ്റ്റർ ഇല്ലാതെ ആസ്തിപരിപാലനത്തിനും അറ്റകുറ്റപണിക്കും വലിയ തുക ചെലവഴിക്കുന്നതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയാറാക്കി വാർഡ് തിരിച്ച് പോസ്റ്റ് നമ്പരും തെരുവ് വിളക്കിന്റെ ഇനം തരം, എണ്ണം എന്നിവ ചേർക്കാതെ എങ്ങനെയാണ് ഒരോ വർഷവും പുതിയ ലൈറ്റുകൾക്ക് ഡിമാൻഡ് ചെയ്യുന്നതെന്ന് വ്യക്തമല്ല.

4. ആവശ്യമായ സാധനങ്ങളുടെ വാർഷിക ആവശ്യകത നിർണയിച്ച് എസ്റ്റിമേറ്റ് തയാറാക്കി വാങ്ങിയതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനും സംവിധാനങ്ങളില്ല.

5. തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി മോണിട്ടറിംഗ് കമ്മറ്റി പ്രവർത്തിക്കുന്നില്ല.
6. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വിതരണ രജിസ്റ്റർ പ്രകാരം, വാങ്ങുന്ന സാധനങ്ങളെല്ലാം ഒരുമിച്ച് റിപ്പയറിംഗ് ചെയ്യുന്ന കരാറുകാരനെ ഏൽപിക്കുന്ന രീതിയാണ് നിലവിലുള്ളത്. ഏതൊക്കെ സ്ഥല ങ്ങളിലാണ് ആവശ്യമെന്നുള്ള വാർഡ് മെമ്പറുടെയോ, പൊതുജന ങ്ങളുടെയോ കത്ത്/ റിപ്പോർട്ട് എന്നിവയുടെ അഭാവത്തിൽ ഇത്തരത്തിൽവിതരണം ചെയ്യുന്നത് അഭികാമ്യമല്ല.
7. 2022-23 വർഷത്തിലേക്ക് ആകെ 1500 എണ്ണം ഹോൾഡർ ഷേഡ് ആണ് സെക്രട്ടറി കരാറുകാരനോട് ആവശ്യപ്പെട്ടത്. എന്നാൽ 28/10/22, 24/02/23 എന്നീ തീയതികളിലെ ടാക്സ് ഇൻവോയിസ് പ്രകാരം 1800 എണ്ണം ഹോൾഡർ ഷേഡ് വിതരണം ചെയ്തതായും അതിനുള്ള തുക നൽകിയതായും കാണുന്നു.(₹28.69/- P/u). ആവശ്യപെടാതെ അധികമായി വിതരണം ചെയ്ത ഉൽപന്നത്തിന് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് .
മേൽ വിവരിച്ച അപാകങ്ങളുടെ വിശദീകരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/30.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-33 MCF ലേക്ക് വാങ്ങിയ ഉപകരണങ്ങൾ ഭൗതിക പരിശോധനയിൽ കണ്ടെത്തിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം. | MCF പ്രവർത്തനം മെച്ചപ്പെടുത്തൽ SO, 79/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 97935 |
| ചെലവ് | 58000 |
| ബിൽ നം,തീയതി, തുക | 5, 28/04/2022 - 44000/-<br>30, 10/06/2022 – 14000/- |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി MCF പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് (പ്രോ. നം. 79/22-23) 58000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി G TECH SCALES എന്ന സ്ഥാപനത്തിൽ നിന്നും രണ്ട് WEIGHING MACHINE (നം 221200579, 221200580) വാങ്ങിയതിന് (Weight/measurement 200kg, Soni IND,e20 Gm) യഥാക്രമം 5000/-, 9000/- എന്നിങ്ങനെയാണ് വില നൽകിയിട്ടുള്ളത്. വാങ്ങിയ ഉപകരണങ്ങളുടെ വിതരണ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിക്ക്(നം. 20/30.10.23) MCF ഉപയോഗത്തിനു വേണ്ടിയാണ് ഉപകരണങ്ങൾ വാങ്ങിയതെന്നാണ് മറുപടി. ഓഡിറ്റ് MCF ൽ നടത്തിയ ഭൗതിക പരിശോധനയിൽ വാങ്ങിയ രണ്ട് ഉപകരണങ്ങളും കാണാൻ കഴിഞ്ഞില്ല. ഇവ കൈമാറിക്കിട്ടിയിട്ടില്ലെന്ന് MCFലെ ഹരിതകർമ്മസേനാ പ്രവർത്തകരും അറിയിച്ചിട്ടുണ്ട്. ഈ ഉപകരണങ്ങൾ ആർക്ക് കൈമാറിയെന്നോ നിലവിൽ എവിടെ സൂക്ഷിക്കുന്നുവെന്നോ അറിയാൻ കഴിഞ്ഞിട്ടില്ല. പദ്ധതി പണം ചെലവഴിച്ച് വാങ്ങൽ നടത്തിയ ഉപകരണങ്ങൾ കണ്ടെത്താത്ത സാഹചര്യത്തിൽ ചെലവ് തുക (14000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് – പദ്ധതി പൂർത്തിയാക്കിയില്ല

സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് യഥാസമയം പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 21.01.2006-ലെ 9541/ഡി.പി.1/05/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 17.05.12-ൽ ഇലക്ട്രിസിറ്റി ബോർഡ് പുറപ്പെടുവിച്ച B.O.(FM)(Genl)No.1007/2012(Plg.Com.3515/98/11-12) നമ്പർ ഉത്തരവ് പ്രകാരം 6 മാസത്തിനകം മീറ്ററിംഗിനുള്ള തുക ഒടുക്കുന്ന പക്ഷം എസ്റ്റിമേറ്റ് തുകയുടെ 50% മാത്രം ഒടുക്കിയാൽ മതിയെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ചെലവ് ചുരുക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അവസരം പഞ്ചായത്ത് പ്രയോജനപ്പെടുത്തിയില്ല. മീറ്റർ സ്ഥാപിക്കുന്നതിന് 2015-16 വർഷം 535000 രൂപ ഒടുക്കിയിട്ടുണ്ട്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഭാഗികമായി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. നിലവിൽ ഫിക്സഡ് താരിഫ് പ്രകാരമാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത്. വൈദ്യുതി ബില്ലിംഗ് പൂർണ്ണമായും മീറ്ററിംഗിലേക്ക് മാറാത്തതിനാൽ ഉപയാഗിക്കാത്ത വൈദ്യുതിയ്ക്ക് പഞ്ചായത്ത് ചാർജ്ജ് ഒടുക്കുന്ന അവസ്ഥയാണ്. നിലവിൽ ശരാശരി 1.15 ലക്ഷം രൂപയാണ് തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് ഇനത്തിൽ പ്രതിമാസം ഒടുക്കുവരുത്തുന്നത്. യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുകയാണെങ്കിൽ ഫിക്സഡ് താരിഫ് നൽകുന്നതു മൂലമുള്ള ഭീമമായ നഷ്ടം ഒഴിവാക്കാമായിരുന്നു. കറണ്ട് ചാർജ്ജ് ഒടുക്കുന്ന തെരുവ് വിളക്കുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു.

| ക്രമ നം | തെരുവ് വിളക്ക് ഇനം | എണ്ണം | പ്രവർത്തന സമയം | നിരക്ക് | ആകെ തുക |
|---|---|---|---|---|---|
| 1 | ഓർഡിനറി ബൾബ് (1x40w) | 320 | 12 | 79 | 25280 |
| 2 | ഫ്ളൂറസെന്റ് ട്യൂബ് (1x40w) | 137 | 12 | 79 | 10823 |
| 3 | ഫ്ളൂറസെന്റ് ട്യൂബ് (2x40w) | 107 | 12 | 159 | 17013 |

| | | | | | |
|---|---|---|---|---|---|
| 4 | മെർക്കറി വേപ്പർ ലാംപ് (1x400w) | 2 | 12 | 848 | 1696 |
| 5 | സോഡിയം വേപ്പർ ലാംപ് (1x250w) | 9 | 12 | 531 | 4779 |
| 6 | സി.എഫ്.എൽ ഓട്ടോമാറ്റിക് ഓൺ /ഓഫ് (2x11w) | 1303 | 12 | 38 | 49514 |
| 7 | സി.എഫ്.എൽ ഓട്ടോമാറ്റിക് ഓൺ /ഓഫ് (1x15w) | 87 | 12 | 26 | 2262 |
| | **ആകെ** | **1965** | | | **111367** |

കെ.എസ്.ഇ.ബി. ലഭ്യമാക്കിയ ചാർജ്ജ് പട്ടിക പ്രകാരം 320 40W ഓർഡിനറി ബൾബുകളുടെ താരിഫായി 25280 രൂപയാണ് ഈടാക്കുന്നത്. വർഷങ്ങളായി പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ആവശ്യത്തിന് ഓർഡിനറി ബൾബുകൾ ഉപയോഗപ്പെടുത്തുന്നില്ലായെന്നത് ഒരു വസ്തുതയാണ്. എന്നാൽ നിലവിൽ ഇല്ലാത്ത ഓർഡിനറി ബൾബുകൾക്കും പഞ്ചായത്ത് മുടങ്ങാതെ ചാർജ്ജ് ഒടുക്കിവരുകയാണ്.

കെ.എസ്.ഇ.ബി. അധികൃതരുമായി ബന്ധപ്പെട്ട് ഓർഡിനറി ബൾബുകളുടെ താരിഫ് മുൻകാല പ്രാബല്യത്തിൽ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഈ ഇനത്തിൽ കെ.എസ്.ഇ.ബി. അധികം ഈടാക്കിയ തുക തുടർന്നുള്ള ബില്ലിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കി ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 മെയിന്റനൻസ് ഗ്രാന്റിനത്തിൽ 78.99 ലക്ഷം രൂപ ലാപ്സായി.

**A) മെയിന്റനൻസ് ഗ്രാന്റ് ലാപ്സായി.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം 74 പുതിയ പദ്ധതികളും 37 സ്പിൽ ഓവർ പദ്ധതികളുമായി ആകെ 111 പദ്ധതികൾക്ക് 3.03 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ 1.38 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിൽ തന്നെ മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ആയി ലഭിച്ച തുകയിൽ 44.44 ലക്ഷം രൂപ ലാപ്സായിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കണക്കുകൾ പ്രകാരം മെയിന്റനൻസ് ഗ്രാന്റിനത്തിൽ 78.99 ലക്ഷം രൂപ ലാപ്സായിട്ടുണ്ട്.

| | അലോട്ട്മെന്റ് തുക (A) | പദ്ധതികൾക്കായി വകയിരുത്തിയ തുക (B) | ചെലവഴിച്ച തുക (C) | ലാപ്സായ തുക (A)-(C) |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 14968000 | 17773189 | 10523415 | 4444585 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 7158000 | AE- 4572433<br>Others- 3690139<br>Total-8262572 | AE-128082<br>Others - 3574601<br>Total- 3702683 | 3455317 |
| **ആകെ** | **22126000** | | **14226098** | **₹78,99,902** |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 18/28.10.23) മറുപടിയായി പ്രവൃത്തികൾക്ക് ഭേദഗതികൾ വന്നതു കാരണമാണ് ഇവ പൂർത്തീകരിക്കാൻ കാലതാമസമെടുത്തതെന്നു അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു മറുപടി നൽകി. പ്രൈസ്-3 നടപ്പാക്കിയതിൽ വന്ന കാലതാമസം ആണ് പ്രവൃത്തികൾ നടപ്പാക്കാൻ കാലതാമസമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.

**B) പദ്ധതികളുടെ വിശദാംശങ്ങൾ**

ആകെ 111 പദ്ധതികൾക്കു തുക വകയിരുത്തിയപ്പോൾ 69 പദ്ധതികൾക്ക് മാത്രമാണ് ഭാഗികമായോ പൂർണ്ണമായോ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. പുതിയ 74 പദ്ധതികൾ ആവിഷ്കരിച്ചപ്പോൾ 36 എണ്ണത്തിനു മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. സ്പിൽ ഓവർ പദ്ധതികളിൽ 4 എണ്ണം തൻ വർഷവും പൂർത്തിയാക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | തുക വകയിരുത്തിയത് (എണ്ണം) | ചെലവഴിച്ചത് (എണ്ണം) | ചെലവഴിക്കാത്തത് (എണ്ണം) | ചെലവ് ശതമാനം (%) |
|---|---|---|---|---|
| പുതിയ പദ്ധതികൾ | 74 | 36 | 38 | 48.64 |
| സ്പിൽ ഓവർ പദ്ധതികൾ | 37 | 33 | 4 | 89.18 |
| **ആകെ** | **111** | **69** | **42** | **62.16** |

**C) സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.**

താഴെ പറയുന്ന നാലു സ്പിൽ ഓവർ പദ്ധതികൾക്ക് ചെറിയ തുക വകയിരുത്തിയിരുന്നെങ്കിലും ബിൽ തുക നൽകാൻ കഴിഞ്ഞിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | SO 40/2022-23, മണ്ണാറ ഏലാതോടിനു കുറുകെയുള്ള പാലം മെയിന്റനൻസ് | 59922 | 0 |
| 2 | SO 45/2022-23, വെൽഫെയർ LPSമതിലും ഗേറ്റും നിർമ്മാണം | 50000 | 0 |
| 3 | SO 53/2022-23, അങ്കണവാടി നമ്പർ 6 മെയിന്റനൻസ് | 44440 | 0 |

ക്രമ നം-1 ലെ പ്രവൃത്തി സ്ഥല തർക്കം കാരണം ഉപേക്ഷിക്കേണ്ടതായി വന്നു എന്നും ക്രമ നം 2 സ്കൂളിനു മുൻവശത്തുള്ള വഴി അടച്ച് ഗേറ്റ് ഇടാൻ നാട്ടുകാർ സമ്മതിക്കാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചതായും അറിയിച്ചു. ക്രമ നം 3 ലെ പ്രവൃത്തി പാർട്ട് ബിൽ മാറിയതിനു ശേഷം കരാറുകാരനു സുഖമില്ലാതായതിനാൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നും ഓഡിറ്റിനെ അറിയിച്ചു.

തൻ വർഷം ബജറ്റ് പ്രകാരമുള്ള അലോട്ട്മെന്റ് കണക്കാക്കി നിരവധി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതിക അനുമതി ലഭ്യമാക്കുകയും ടെണ്ടർ നടപടികളുടെ ഘട്ടത്തിൽ അലോട്ട്മെന്റ് തുക ലഭിക്കാതെ വന്നതിനാൽ (സ.ഉ(സാധാ) നം.1602/2022/LSGD;05-07-2022) ഇവ ബഹു വർഷ പദ്ധതികളാക്കുകയും ഇവയുടെ തൻ വർഷ അടങ്കൽ തുക 100 രൂപ മാത്രമായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 23 പുതിയ പ്രവൃത്തികളാണ് നടപ്പാക്കാതെ പോയത്. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനു തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം. | ഹരിത കർമ്മ സേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ, 38/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 350000 |
| ചെലവ് | 349500 |
| ബിൽ നം,തീയതി | 390, 21.04.2022 |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ, ഹരിത കർമ്മ സേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ എന്ന പദ്ധതി പ്രകാരം (പ്രോ നം 38/23) GeM – ലും, മറ്റ് ഏജൻസികളിലും പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള തുകയ്ക്ക് വാഹനം ലഭ്യമല്ലാത്തതിനാൽ ശ്രീ മുഹമ്മദ് നൗഷാദ്, എം എം അസോസിയേറ്റ്സ്, പള്ളിമുക്കിന്റെ കൊട്ടേഷൻ അംഗീകരിക്കുകയും 349500/- രൂപയ്ക്ക് എം.എം. അസോസിയേറ്റ്സിൽ നിന്നും (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാൻഡ് ഉപയോഗിച്ച്) 28/4/22- ന് വാഹനം വാങ്ങുകയും ചെയ്തു. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 17/11/22 - ൽ വാഹനം സാങ്കേതിക തകരാർ മൂലം അപകടത്തിൽപ്പെടുകയും വാഹനത്തിന് കേടുപാടുകൾ പറ്റിയിട്ടുണ്ടെന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 28/04/22 - ൽ വാങ്ങിയ വാഹനത്തിന്റെ ആർ.സി ബുക്ക്

ലഭ്യമാക്കുന്നതിന് സെക്രട്ടറി 11/5/23 -ൽ പത്തനംതിട്ട ആർ.ടി.ഒ-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ആർ.സി ബുക്ക് ലഭ്യമാക്കാൻ ഇത്രയും വൈകിയതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപെട്ടുകൊണ്ട നൽകിയ ഓഡിറ്റ് എൻക്വയറി ((നം-06/27.10.2023))ക്ക് വാഹനം നൽകിയ കമ്പനിയുടെ അംഗീകാരം ഇല്ലാതായതാണ് ആർ.സി. ബുക്ക് ലഭിക്കാത്തതിന്റെ കാരണമെന്ന് അസി.സെക്രട്ടറി അറിയിച്ചു. എന്നാൽ 20-04-2013 ലെ മോട്ടോർ വാഹന വകുപ്പിന്റെ എ5/18331/2012/TC ഉത്തരവ് പ്രകാരം അപേക്ഷ നൽകി 10 ദിവസത്തിനകം ഏതൊരു വാഹനത്തിന്റെയും ആർസി ബുക്ക് ലഭ്യമാകും. 17/11/22- ൽ അപകടത്തിൽപ്പെട്ട വാഹനത്തിൻറെ ഇൻഷ്വറൻസ് ക്ലെയിം ആർ.സി. ബുക്ക് ഇല്ലാതെ എങ്ങനെ ലഭ്യമാക്കിയെന്ന വിവരം അറിയേണ്ടതാണ്. ഡ്രൈവറുടെ നിയമനം, വേതനം എന്നിവ സംബന്ധിച്ച കമ്മിറ്റി തീരുമാനത്തിന്റെ വിവരങ്ങൾ ആവശ്യപെട്ടിരുന്നെങ്കിലും ഹരിതകർമ്മസേനയിൽ യോഗ്യതയുള്ളവർ ഇല്ലാത്തതു കൊണ്ടാണ് മറ്റൊരാളെ താല്ക്കാലികമായി നിയമിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മാത്രമല്ല അപകടം നടന്ന സമയത്ത് വാഹനത്തിന്റെ ലോഗ്ബുക്ക്, മെയിന്റെനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിരുന്നില്ല. ഓരോ വാർഡിലും വാഹനം ഓടുന്നത് സംബന്ധിച്ച് തയ്യാറാക്കിയ അംഗീകൃത പ്ലാൻ, അപകടം സംബന്ധിച്ച ഡ്രൈവറുടെ റിപ്പോർട്ട്, സാങ്കേതിക തകരാർ പരിഹരിക്കുന്നതിന് കമ്പനിയിൽ നിന്ന് ലഭിച്ചിട്ടുള്ള സഹായത്തിന്റെ വിവരം, വാഹനത്തിന്റെ ആർ.സി. ബുക്ക്, ലോഗ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, അപകടശേഷമുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-37 വെള്ളക്കരം – ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയില്ല

2022 ഏപ്രിൽ മുതൽ 2023 മാർച്ച് മാസം വരെ 461 ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ പ്രതിമാസം 2,11,791 രൂപ വീതം ആകെ 2785519 രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. വൻതുക പ്രതിവർഷം ചെലവഴിക്കുന്നുണ്ടെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. നാളിതുവരെ വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്തപരിശോധന നടത്തി ജലലഭ്യതയുള്ള വാട്ടർ ടാപ്പുകളുടെ എണ്ണം പഞ്ചായത്ത് നിജപ്പെടുത്തിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിലെ വാട്ടർകണക്ഷനമായി ബന്ധപ്പെട്ട് അമിതമായി വെള്ളക്കരം വാട്ടർ അതോറിറ്റി ഈടാക്കുന്നു എന്നും ആയത് കുറയ്ക്കാൻ ഫലവത്തായ നടപടി സ്വീകരിക്കണമെന്നും പഞ്ചായത്ത് മെമ്പർമാർ ആവശ്യപ്പെട്ടതായി 19.04.2021-ലെ ജനറൽ കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 50-ൽ താഴെ ടാപ്പുകൾ മാത്രമുള്ള പഞ്ചായത്തിൽ 461 ടാപ്പുകളുടെ വെള്ളക്കരം രേഖപ്പെടുത്തിയ ബിൽ പ്രകാരം ഭീമമായ തുക പഞ്ചായത്ത് ഒടുക്കേണ്ടി വരുന്നു.

വാട്ടർ അതോറിറ്റി നൽകുന്ന ബിൽ പ്രകാരം മുഴുവൻ പൊതുടാപ്പുകൾക്കും വെള്ളക്കരം അടച്ചുവരുന്നതിലെ അശാസ്ത്രീയതയും അപാകതയും പരിഹരിക്കണമെന്നും ഇല്ലാത്ത ടാപ്പുകളുടെ വെള്ളക്കരം മുൻകാല പ്രാബല്യത്തോടെ ബിൽ തുകയിൽ ഇളവ് ചെയ്ത് നൽകണമെന്നും വാട്ടർ അതോറിറ്റിയോട് 19.04.21-ലെ 4(2)-ാം നമ്പർ തീരുമാനം പ്രകാരം അഭ്യർത്ഥിക്കുന്നതിന് ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വെള്ളക്കരം കുറവ് ചെയ്യുന്നതിന് പഞ്ചായത്ത് നാളിതുവരെ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന് ലഭിക്കുന്ന സേവനത്തിന് ആനുപാതികമായ തുകയല്ല കേരള വാട്ടർ അതോറിറ്റി ഗ്രാമപ്പഞ്ചായത്തിൽ നിന്ന് പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഈടാക്കുന്നതെന്ന് വ്യക്തമാണ്. പൊതുപണം സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ഗുരുതരമായ പിഴവാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

പഞ്ചായത്തിന് വാട്ടർ അതോറിറ്റി നല്കിയിരിക്കുന്ന 2023 മാർച്ച് മാസത്തെ ബില്ലിൽ 11,24,345 രൂപ കുടിശ്ശികയും 21,975 രൂപ ഫൈനും ഉണ്ട്. പഞ്ചായത്ത് പ്രതിമാസ ബിൽ തുകയായി 2,11,791 രൂപ മാത്രമാണ് അടച്ചുവരുന്നത്. കുടിശ്ശിക തുക ഒടുക്കാത്തതിനാൽ പിഴ പലിശയും, കൂട്ടു പലിശയുമായി കുടിശ്ശിക തുക ക്രമാനുഗതമായി വർദ്ധിക്കുകയാണ്. ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 ലക്ഷക്കണക്കിനു രൂപയുടെ മരുന്നുകൾ KMSCL ൽ നിന്നും ലഭ്യമായില്ല

2022-23 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബാരോഗ്യ കേന്ദ്രത്തിലേക്കും, പാലിയേറ്റീവ് കെയർ പദ്ധതിക്കും മരുന്നു വാങ്ങുന്നതിനായി 700000 രൂപയും, പാലിയേറ്റീവ് കെയർ പദ്ധതിക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതിക്കായി 149990 രൂപയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു നൽകിയിരുന്നു. എന്നാൽ 08/2023 വരെ 272045 രൂപയുടെ മരുന്നും, 88763 രൂപയുടെ ഉപകരണങ്ങളും മാത്രമേ ലഭ്യമാക്കിയുള്ളു. 427955 രൂപയുടെ മരുന്നും 61227 രൂപയുടെ ഉപകരണങ്ങളും KMSCL ൽ നിന്നും ലഭ്യമാക്കാനവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | തുക കൈപ്പറ്റിയ സ്ഥാപനം | ഇൻവോയിസ് നമ്പർ/ തീയതി | കൈമാറിയ തുക | ലഭ്യമായ മരുന്ന് | ലഭ്യമാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|
| 25/2023 പി.എച്ച്.സി ക്ക് മരുന്ന വാങ്ങൽ | KMSCL | 3471/09-01-23 | 350000 | 143483 | 206517 |
| 19/2023 പാലിയേറ്റീവ് മരുന്നുവാങ്ങൽ | KMSCL | 4620/28-02-23 | 350000 | 128562 | 221438 |
| ആകെ 272045 | | | | | 427955 |
| 19/2023 പാലിയേറ്റീവ് പദ്ധതിക്ക് ഉപകരണങ്ങൾ വാങ്ങൽ | KMSCL | 3409/06-01-23 | 149990 | 88763 | 61227 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 32/01.11.2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. അവശേഷിക്കുന്ന മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 മരുന്ന് വാങ്ങൽ - ഹോംകോയിൽനിന്നും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി 520000 രൂപ, ഹോമിയോ മരുന്നുകൾ സപ്ലൈ ചെയ്യുന്നതിനായി BRN നം. 22050252013601/13-02-22 പ്രകാരം HOMCO-യ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ മുൻകൂർ തുക നൽകി മാസങ്ങൾ പിന്നിട്ടെങ്കിലും 135112 രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 33/01.11.2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 നാപ്കിൻ ഡിസ്ട്രോയൽ യൂണിറ്റ് പ്രവർത്തക്ഷമമായില്ല

| പദ്ധതിയുടെ പേര്, പ്രോജക്ട് നം | നാപ്കിൻ ഡിസ്ട്രോയൽ യൂണിറ്റ്, 80/23 | നാപ്കിൻ ഡിസ്ട്രോയൽ യൂണിറ്റ് ടേക്ക് എ ബ്രേക്ക്, 84/23 |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| അടങ്കൽ | 30000 | 30000 |
| ചെലവ് | 19400 | 19400 |
| ഫണ്ടിനം | കേന്ദ്രാവിഷ്കൃത ഫണ്ട് | കേന്ദ്രാവിഷ്കൃത ഫണ്ട് |
| ബിൽ നം, തീയതി | 390, 21/03/2023 | 389, 21/03/2023 |

ഏഴംകുളം ഗ്രാമ പഞ്ചായത്ത് ഓഫീസ്, ടേക് എ ബ്രേക്ക് എന്നിവിടങ്ങളിൽ നാപ്കിൻ ഡിസ്ട്രോയിങ് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി പ്രകാരം റെയ്ഡ്കോയിൽ നിന്നും 19400/- രൂപാ വീതമുള്ള രണ്ട് ഉപകരണങ്ങൾക്കായി തുക അടവാക്കി. കരാർ പ്രകാരം ഓർഡർ ലഭിച്ച് 25 ദിവസത്തിനുള്ളിൽ സ്ഥാപനം ഉപകരണം വിതരണം ചെയ്യേണ്ടതും ഉപകരണങ്ങൾ സ്ഥാപിക്കുന്ന സ്ഥലത്ത് ഇലക്ട്രിക്കൽ വാൽവ് സോക്കറ്റ് വിത്ത് ഏർത്തിങ് എന്നിവ പഞ്ചായത്ത് ചെയ്ത് കൊടുക്കേണ്ടതുമാണ്. ഉപകരണങ്ങൾ ലഭ്യമായെങ്കിലും പഞ്ചായത്ത് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ചെയ്തിട്ടില്ല. പഞ്ചായത്തിലും ടേക്ക് എ ബ്രേക്കിലും സ്ഥാപിച്ച ഉപകരണം നിലവിൽ പ്രവർത്തന രഹിതമാണ്. പദ്ധതി പണം

ചെലവഴിച്ച് വാങ്ങൽ നടത്തിയ ഉപകരണങ്ങൾ ഉപയോഗപ്രദമാക്കാത്തതിന് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മതിയായ വിശദീകരണം ലഭ്യമാക്കാത്തതിനാൽ ഉപകരണങ്ങൾക്കായി ചെലവഴിച്ച 38800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 ശുചീകരണ പ്രവർത്തനത്തിനുള്ള സാധനം വാങ്ങൽ - വിശദാംശം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം | ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനം വാങ്ങൽ, 91/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 100000 |
| ചെലവ് | 99597 |
| ബിൽ നം, തീയതി | 22050352016101406786, 20.03.2023 |

വാർഡ് തല ശുചീകരണ സമിതിയെ ഉപയോഗിച്ച് 20 വാർഡുകളിലും ശുചീകരണം നടത്തുന്നതിന്റെ ഭാഗമായി നാല് പുല്ലുവെട്ടി യന്ത്രം റെയ്ഡ്കോയിൽ നിന്ന് 99597/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. പ്രവർത്തനം രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ സൂക്ഷിക്കുന്നതിനും ഒരു മണിക്കൂർ ഉപയോഗിക്കുന്നതിന് 100 രൂപയ്ക്ക് ഇന്ധനം വാങ്ങാനും പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ച് സെക്രട്ടറി ചുമതലപ്പെടുത്തിയിരുന്നു. ടി രജിസ്റ്റർ, യന്ത്രങ്ങളുടെ വാറണ്ടി സംബന്ധിച്ച വിവരം, യന്ത്രങ്ങൾ ലഭിച്ച തീയതി, നിലവിലെ അവസ്ഥ, യന്ത്രങ്ങളുടെ ഉപയോഗം സംബന്ധിച്ച മോണിറ്ററിംഗ്, എന്നീ വിവരങ്ങൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി(നം. 26/31.10.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടി രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-42 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കെ.എസ്.ഇ ബിയിൽ തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ തുക |
|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർപ്പിക്കൽ, 5/23 | 1400000 | 584724 | - |
| 2 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ തുക ഒടുക്കൽ,06/23 | 250000 | 208591 | 141742 |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണവിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/31.10.2023) മറുപടി ലഭ്യമാക്കിയില്ല. മേൽസൂചിപ്പിച്ച പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-43 ലൈഫ് മിഷൻ- ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാകാത്തതിനാൽ ഗുണഭോക്താക്കൾ ഭവന രഹിതരായി തുടരുന്നു.

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ 48 പേർ ഉൾപ്പെട്ടിരുന്നു. ടി ഗുണഭോക്താക്കൾക്ക് ഭവനം നൽകുന്നതിനുവേണ്ടി വാർഡ് 14ൽ ഏനാത്ത് ജംഗ്ഷനു സമീപം 92 സെന്റ് വസ്തുവിൽ 2 നിലകളിലായി 54 ഫ്ലാറ്റുകളുടെ നിർമ്മാണം സ്റ്റേറ്റ് ലൈഫ് മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട 5 ഗുണഭോക്താക്കൾ സ്വന്തം നിലയിലും 2 പേർ പട്ടികജാതി വകുപ്പ് മുഖേനയും വസ്തു ആർജിക്കുകയും അവർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനം നൽകുകയും ചെയ്തിട്ടുള്ളതാണ്. ഫ്ലാറ്റിന്റെ നിർമ്മാണം ഇനിയും പൂർത്തിയാകാത്തതിനാൽ ലിസ്റ്റിൽ ബാക്കിയുള്ള 41 ഗുണഭോക്താക്കൾക്ക് ഇപ്പോഴും ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ലൈഫ് 2020 പദ്ധതിയിൽ 144 ഗുണഭോക്താക്കൾ കൂടി ഭൂരഹിതഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഫ്ലാറ്റിന്റെ നിർമ്മാണം പൂർത്തിയാക്കി 2018 ലെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് റാങ്ക് ക്രമം അനുസരിച്ച് ആനുകൂല്യം നൽകിയെങ്കിൽ മാത്രമേ 2020 ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് വേണ്ടി ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതികൾ ഏറ്റെടുക്കുവാൻ ഗ്രാമപഞ്ചായത്തിനു സാധിക്കുകയുള്ളൂ. ഈ വിഷയത്തിലേക്ക് വകുപ്പുതല ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് /നമ്പർ | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 78/23 | 400000 | 400000 | |
| ബ്ലോക്ക് പഞ്ചായത്ത് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 108/23 | 400000 | 200834 | |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി (ജനറൽ) 165 /23 | 1035720 | 480000 | |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി (എസ് സി) 166/23 | 1627000 | 380000 | |
| ബ്ലോക്ക് പഞ്ചായത്ത് | കാട്ടുമൃഗങ്ങളിൽ നിന്നും വിള സംരക്ഷണം 281/23 | 75000 | 53500 | |
| ജില്ലാ പഞ്ചായത്ത് | സാന്ത്വനം- പാലിയേറ്റീവ് പദ്ധതി 19/23 | 500000 | 499990 | |
| ജില്ലാ പഞ്ചായത്ത് | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 78/23 | 150000 | 150000 | |
| ജില്ലാ പഞ്ചായത്ത് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 108/23 | 150000 | 150000 | |
| ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി (എസ് സി) 166/23 | 7000000 | 5340000 | |
| ജില്ലാ | കാട്ടുമൃഗങ്ങളിൽ നിന്നും വിള | 100000 | 59600 | |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | സംരക്ഷണം 281/23 | | | | |

## 4-2 നിക്ഷേപപ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പ്രകാരം ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | 6/23, പോസ്റ്റ് ഷിഫ്റ്റിംഗ് | കേരള ഇലക്ട്രിസിറ്റി ബോർഡ്, | 208591 | 0 | 208591 |
| 2 | 5/23, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കേരള ഇലക്ട്രിസിറ്റി ബോർഡ് | 584724 | 0 | 584724 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന നിർമ്മാണം (KURDFC) | 9084944 | - | 2098706 | | 6986238 |

## 4-5 സ്ഥിരനിക്ഷേപം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | നിക്ഷേപിച്ച തുക | വർഷാവസാനം അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | Dist.Co-operative Bank, Ezhamkulam | 15.05.22 | 1 വർഷം | 11529000 | 121775107 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഇല്ല

## 4-8 ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 96064480 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49886422 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 256643 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 380220 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക<br>സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 256643 | ശ്രീമതി അണിമ സുഭാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ (ക്രമ നം.3,4,10) |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 327420 | ശ്രീമതി അണിമ സുഭാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ (ക്രമ നം.1, 2, 5, 6, 7, 8, 9, 11, 12) |
| 1-33 | 14000 | ശ്രീ. വിനോദ് കുമാർ റ്റി. (സെക്രട്ടറി) |
| 1-40 | 38800 | ശ്രീ. വിനോദ് കുമാർ റ്റി. (സെക്രട്ടറി) |
| ആകെ | 380220 | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അണിമ സുഭാഷ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഏഴംകുളം ഗ്രാമപഞ്ചായത്ത് | രഞ്ജിത്ത് ഭവൻ, ചുനക്കര നോർത്ത് P.O, ആലപ്പുഴ -690534 |
| ശ്രീ. വിനോദ് കുമാർ റ്റി. | സെക്രട്ടറി, വെട്ടിക്കവല ഗ്രാമപഞ്ചായത്ത് | ശ്രീധരം, VRA – 73, എം.ജി റോഡ്, ആറ്റിങ്ങൽ പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി.10/443/2013 തീയതി 01-10-13/04-09-14 | 1 (3-3) |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.10/445/2013 തീയതി 11.10.13/04.12.2014 | 5 (3-4, 3-10, 3-12, 3-13(1), 3-17) |

| | | |
|---|---|---|
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി.10/1061/14<br>തീയതി 09-02-15 | 4<br>(2-8, 3-2, 3-5, 3-6) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി10/979/2017<br>തീയതി 11.09.2017 | 3<br>(2-2, 2-6, 3-1) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി10/1573/18<br>തീയതി 07.01.2019 | 12<br>(2-2, 2-3, 2-4, 2-5, 3-1, 3-5, 3-10, 3-11, 3-22, 3-26, 3-32, 3-35) |
| 2018-2019 | കെ.എസ്.എ.പി.റ്റി.എ.പി10/932/2019<br>തീയതി 05.12.2019 | 31<br>(1-12, 1-14, 1-16 മുതൽ 1-39 വരെ, 1-41 മുതൽ 1-43 വരെ, 1-45, 1-47) |
| 2019-2020 | കെ.എസ്.എ.പി.റ്റി.എ.പി 10/667/21<br>തീയതി 26.10.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി 10/668/21<br>തീയതി 02-11-2021 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി P10/937/22<br>തീയതി 28/10/2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 07-07-2023 and submitted on 11-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the EZHAMKULAM Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, due to the material and pervasive insufficiencies in obtaining audit evidence, attributable to the faulty maintenance of accounting records, as pointed out in the appended report, it is not possible to express an opinion whether the annual financial statements give a true and fair view of the Receipts and Payments, Income and Expenditure (Deficit or Surplus) and the position of Assets and Liabilities EZHAMKULAM Grama Panchayat for the year 2022-2023

**Date: 06/12/2023**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

# Audit Report appended to the Audit Certificate of EZHAMKULAM Grama Panchayat for the Year 2022-2023 .

**1.Major Observations**

Non disclosure of assets- Asset register is not updated and hence the valueof asset shown AFS is not accurate.

**2.Other Observations**

1. The following Mandatory statements prescribed in accounting rules are not submitted for Audit. Eg- Ratios,notes on account
2. Pass Book of District co-operative Bank Account does not produced for verification.
3. B17- Cash and Balances â Amount shown as closing balance in Sub Treasury Adoor for Rs. 371357 was the expenditure recounted to own fudn for Covid 19 expenses and hence the Cash Balance is Zero.

4. Cash Flow Statement-Net increase in cash flow doesnot match with the difference between the opening balance and closing balance of cash and cash equivalent

5. lapses in making timely and accurate demand entries in respect of tax and non tax revenue.
6. Rent Receivables from buildings and Receivables from were not included in B-15 schedule.
7. Deposit Register does not match
8. Demand Registers of property tax, professional tax etc do not match with AFS.
9. Advance Register is not updated and hence doesnot match with AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്